# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

VOLUME - 26 ISSUE - 2

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



**കർത്താവിൽ പ്രിയരേ, നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കുമാറാകട്ടെ.**

കഴിഞ്ഞ മാസത്തെ ജാമക്കാരനിൽ സി.എസ്.ഐ–ലെ പുതിയ Amendments പൂർണ്ണ majority ൽ പാസ്സായതായും, പല ബിഷപ്പുമാരും, സി.എസ്.ഐ സിനഡും അംഗീകരിച്ചതായി അവസരഗതിയിൽ അറിയിച്ചിരുന്നു. പല സ്ഥലത്തിൽ ഈ Amendments ന് വേണ്ടി നടന്ന മീറ്റിങ്ങുകളുടെ മധ്യത്തിൽ അടിപിടി, ബഹളം എന്നിവ നടന്നു. പല അച്ചന്മാർ, ബിഷപ്പുമാരെ ഭയന്ന് ബിഷപ്പുമാർക്ക് സപ്പോർട്ട് ചെയ്തു. ആന്ധ്രയിൽ കമ്മറ്റി നടന്നപ്പോൾ എതിർത്ത ഒരാളിനെ കൊലചെയ്തു. സി.എസ്.ഐയ്ക്ക് അത് ഒരു വലിയ പ്രശ്നമായും അപമാനമായും തീർന്നു. Amendments പാസ്സാകുംമുമ്പ് മോഡറേറ്റർ അവർകൾ റിട്ടേർഡ് ആയി. എന്നിട്ടും Amendments വിധി വരുന്നതുവരെ ഞാൻ തന്നെ മോഡറേറ്റർ എന്ന് പറഞ്ഞ് പദവിയിൽ തുടരുന്നു. സുപ്രീംകോടതിയിൽ വിധി 3 മാസം Amendmants പ്രവൃത്തി പഥത്തിൽ വരുത്തരുതെന്ന് അറിയിച്ചതായി അറിയുന്നു. ഈ മാസിക പ്രസിദ്ധീകരിക്കും മുമ്പ് സുപ്രീംകോടതിയുടെ വിധിപകർപ്പ് കിട്ടുമെങ്കിൽ മാസികയിൽ പ്രസിദ്ധീകരിക്കും.

മദ്ധ്യകേരള ഡയോസിസ് ബിഷപ്പിനെക്കുറിച്ച് ഒരു അച്ചൻ എഴുതിയ കത്ത് കഴിഞ്ഞ മാസം പരസ്യപ്പെടുത്തിയിരുന്നുവല്ലോ. അതിനെ എതിർത്ത് അമേരിക്കയിൽ നിന്നും കേരളത്തിൽ നിന്നും കത്തുകൾ കിട്ടി. മദ്ധ്യകേരള ഡയോസിസ് ബിഷപ്പിനെതിരായി എഴുതിയ ആരോപണങ്ങളെല്ലാം തെറ്റാണ് എന്നും, അത് ബിഷപ്പിനെ വെറുക്കുന്ന അച്ചന്മാരാണ് അങ്ങനെ എഴുതിയത്. ബിഷപ്പ് സ്ഥാനത്തിലിരിക്കുന്നവർക്ക് എല്ലാവരെയും തൃപ്തിപ്പെടുത്താനാവില്ല. ബിഷപ്പ് സ്ഥാനം ഒരു മുൾക്കിരീടം പോലെ എന്നൊക്കെ ആവർത്തിച്ച് എഴുതിയിരുന്നു.

FEBRUARY 2016

ഞാൻ പ്രസിദ്ധീകരിച്ചത് ഒരു അച്ചന്റെ കത്താണ്. പ്രസിദ്ധീകരിക്കാത്ത അച്ചന്മാരുടെയും ഉപദേശിമാരുടെയും ധാരാളം കത്തുകളുണ്ട്. പല തെളിവുകൾ അവയിലുണ്ട്.

എന്റെ ഉള്ളിലുള്ള ഭാരം ബിഷപ്പിനെക്കുറിച്ച് വ്യക്തിപരമായ യാതൊരു വെറുപ്പും വിദ്വേഷവും എനിക്ക് ഇല്ല. ബിഷപ്പിന് എന്നെ ഇഷ്ടമല്ലാ എന്ന് ആരംഭം മുതൽ എനിയ്ക്കറിയാം. എന്റെ മനസ്സിന്റെ ഭാരം : ഇപ്പോഴുള്ള സി.എസ്.ഐ മോഡറേറ്റർ, സി.എസ്.ഐയെ നശിപ്പിക്കാനുള്ള കാര്യത്തിൽ സെൻട്രൽ കേരള ഡയോസിസ് ബിഷപ്പും, ഡെപ്യൂട്ടി മോഡറേറ്ററുമായ ഇദ്ദേഹവും കൂട്ടുചേർന്നാണല്ലോ എന്നതാണ്.

വടക്കേ ഇന്ത്യൻ സിനഡിലും Amendments പാസ്സാക്കിയതിനാൽ ഒരു പ്രശ്നവും ഉണ്ടായില്ല എന്ന് അമേരിക്കയിലെ ഒരു സഹോദരൻ എഴുതുന്നു. Amendments പ്രകാരം Methodist Church ലെ Retirement പ്രായം 65–ൽ നിന്ന് 70ലേക്ക് കൂട്ടി. എന്നാലും ഒരു ബിഷപ്പിന് പദവിക്കാലം 5 വർഷം മാത്രമാണ്. അതിന് ശേഷം ബിഷപ്പുമാർ സാധാരണ അച്ചന്മാരെപ്പോലെ പ്രവർത്തിക്കണം. ഇതുപോലെ നിയമം സി.എസ്.ഐയിൽ വന്നാൽ നല്ലതാണ്. അങ്ങനെയായാൽ Amendments നെ ആരും എതിർക്കില്ല. വടക്കേ ഇന്ത്യ Methodist Church Bishop ന്റെ Retirement 65ൽ നിന്ന് 70 ആക്കി. പല എതിർപ്പുകൾക്കിടയിൽ അതു പാസ്സാക്കുകയും ചെയ്തു. പക്ഷേ ഈ Amendments കൊണ്ടുവരുവാൻ മുൻകൈയെടുത്ത ബിഷപ്പ് Amendments പാസ്സായ ഉടൻ മരിച്ചുപോയി. ദൈവത്തിനിഷ്ടമില്ലാത്ത വളഞ്ഞ വഴികളിൽ Amendments പാസ്സാക്കുന്ന എല്ലാ ബിഷപ്പുമാരേയും ദൈവം നോക്കിക്കൊണ്ടിരിക്കുന്നു.

ബിഷപ്പുമാർക്ക് ഇതൊരു മുന്നറിയിപ്പാണ്. ഡപ്യൂട്ടി മോഡറേറ്റർ അവർകൾ മോഡറേറ്റർ ആയി മാറിയാൽ ഇപ്പോഴുള്ള സ്വഭാവത്തേക്കാൾ പതിന്മടങ്ങ് കഠിനമായിത്തീരും എന്ന് പലർ ഭയപ്പെടുന്നു. എങ്ങനെയോ, ഞാൻ ഇത് എഴുതിയതുകൊണ്ട് മദ്ധ്യകേരള ഡയോസിസിൽ എനിക്കു തുറന്നിരുന്ന വാതിലുകൾ അടയുവാനുള്ള പ്രശ്നങ്ങൾ അതിന്റെ ഉച്ചഘട്ടത്തിലാണ്. Amendments വിഷയമായി ജാമക്കാരനിൽ ഞാനെഴുതിയ വിഷയങ്ങൾ ബിഷപ്പുമാരെ അപമാനപ്പെടുത്താനല്ല മറിച്ച് സി.എസ്.ഐ സഭകളുടെ നന്മയ്ക്കാണ്. ഇങ്ങനെ ഖണ്ഡിച്ച് എഴുതുന്നതിനാൽ എനിക്കു ലാഭവും നഷ്ടവും ഇല്ല. മദ്ധ്യകേരള ഡയോസിസിലെ എല്ലാ അച്ചന്മാർക്കും സഭാജനങ്ങൾക്കും എന്റെ മേൽ വച്ചിരിക്കുന്ന സ്നേഹം അത് മാറാതിരിക്കുന്നതോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

## സി.എസ്.ഐയ്ക്ക് മറ്റൊരാപത്ത്

സി.എസ്.ഐ രണ്ടാക്കാനും ചിലർ ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുന്നത് ഞാനറിഞ്ഞു. അതു നല്ലതല്ല. അതിന് ആരും കൂട്ടുചേരരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

* വടക്കേ ഇന്ത്യയിൽ ഞാൻ ശുശ്രൂഷയ്ക്കായി പോയതിനാലാണ് ജനുവരി ലക്കം മാസിക ഇത്ര താമസിച്ച് നിങ്ങളുടെ കൈകളിൽ ലഭിക്കുന്നത്. ഇനി വരുന്ന 4 മാസവും മാസികകൾ താമസിച്ചേ വരൂ. എന്റെ ശുശ്രൂഷയിലെ തിരക്കു വർദ്ധിച്ച് വരുന്നതാണ് കാരണം.

* ക്രിസ്തുമസിനും, പുതുവർഷത്തിനും ധാരാളം വായനക്കാരുമായി ഓൺലൈൻ, ചെക്ക്, മണിയോർഡർ വഴിയായി കൂട്ടായ്മ കാണിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

* മദ്ധ്യകേരള ഉൾപ്പെടെ എല്ലാ ഡയോസിസുകളിലും പ്രശ്നം നിറഞ്ഞ വിവരങ്ങളെ വ്യക്തമായി അറിയിച്ചുകൊണ്ടിരിക്കുന്ന അച്ചന്മാർക്കും വിശ്വാസികൾക്കും നന്ദി പറയുന്നു.

* മദ്ധ്യകേരള ഡയോസിസിലും, മറ്റ് ഡയോസിസിലും ഉള്ള Amendments നെ എതിർത്ത അച്ചന്മാർക്കും, മാന്യദേഹങ്ങളും അച്ചടിച്ച ലഘുലേഖകളും, Wallpost കളും എനിക്കു അയച്ചുതന്നതിന് നന്ദി. നല്ല കാര്യങ്ങളെ അച്ചടക്കത്തോടെ അറിയിക്കുന്നതും പാപമല്ല. പക്ഷേ നമ്മുടെ എതിർപ്പുകളെ അറിയിക്കുന്ന രീതി രാഷ്ട്രീയക്കാരുടെ രീതിയാകാൻ പാടില്ല.

* ഞാൻ ആഴ്ചയിൽ ചൊവ്വാഴ്ച മാത്രം വീട്ടിൽ ഇരിക്കുന്നതുകൊണ്ട് 4 Land Line phone ഇരുന്നിട്ടും ധാരാളം പേർ ഫോൺ വഴിയായി പ്രാർത്ഥനയും, ആലോചനയും ചോദിക്കുന്നതുകൊണ്ട് പലർക്കും ഫോൺ വഴി സംസാരിക്കാൻ ലൈൻ കിട്ടാതെ വിഷമിക്കുന്നു എന്ന് ഞാൻ അറിഞ്ഞു. കഴിവതും കത്തുകൾ വഴി, പ്രാർത്ഥനാ, പ്രശ്നക്കുറിപ്പുകളെ അയക്കാൻ അപേക്ഷ. എന്റെ മറുപടി താമസിച്ചാലും പ്രാർത്ഥിക്കുകയും മറുപടി അയക്കുകയും ചെയ്യും.

* ഇ–മെയിൽ വിവരങ്ങൾ അയക്കുന്നവർ നിങ്ങളുടെ അഡ്രസ്സും ഫോൺ നമ്പറും എഴുതണം. ആഴ്ചയിൽ ഒരു ദിവസം മാത്രം വീട്ടിലിരിക്കുന്നതിനാൽ ഇ–മെയിലിൽ വരുന്ന വിവരങ്ങൾ കത്തു മുഖേനയാണ് മറുപടി അയക്കുന്നത്.

## AUSTRALIA VISIT

* ആസ്ട്രേലിയ ശുശ്രൂഷ : ഈ വർഷം 2016 ഒക്ടോബർ മാസം ആസ്ട്രേലിയ യോഗങ്ങൾക്കുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പക്ഷേ എന്റെ യാത്രായുടെ വിവരങ്ങൾ അന്തിമ ഘട്ടത്തിലായിട്ടില്ല.

## അസംബ്ലി ഇലക്ഷൻ

* കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകൾക്കായി ഏവരും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു. ഞാനും ഈ തെരഞ്ഞെടുപ്പുകൾക്കായി ദിവസവും പ്രാർത്ഥിച്ച് വരുന്നു.

* കഴിഞ്ഞ വർഷം നിങ്ങൾ നൽകിയ സാമ്പത്തിക സഹായങ്ങൾക്ക് നന്ദി അറിയിക്കുന്നു. ഇപ്രാവശ്യം ഓൺലൈൻ വഴിയായി എന്റെ ബാങ്ക് അക്കൗണ്ടിൽ ധാരാളം പേർ സാമ്പത്തിക സഹായം ചെയ്തിട്ടുണ്ട്. മണിയോഡർ വഴിയായിട്ടും ചെയ്തിട്ടുണ്ട്. ഇങ്ങനെ എന്നെ സഹായിച്ച എല്ലാവരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ. (എബ്രായർ 6:10). "ദൈവം നിങ്ങളുടെ പ്രവർത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും, ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനിതീയുള്ളവനല്ല."

കർത്താവിന്റെ ഉന്നത ശുശ്രൂഷയിൽ
**ഡോ. പുഷ്പരാജ്**

# എന്റെ ദൈവവേലയുടെ ആരംഭകാല അനുഭവങ്ങൾ
# തിരിഞ്ഞുനോട്ടം (നമ്പർ – 1, 2 & 3)

ചില വർഷങ്ങളായി എന്റെ ഉറ്റ സ്നേഹിതന്മാരും, സുവിശേഷകരും വിശ്വാസികളും എന്റെ അനുഭവസാക്ഷ്യത്തെ ചെറിയ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടേയിരിക്കുന്നു.

എന്റെ അനുഭവസാക്ഷ്യം ആരുടെയെങ്കിലും മനസ്സിനെ സ്വാധീനിക്കുമെന്നോ, മറ്റുള്ളവരുടെ പ്രതീക്ഷപോലെ ശ്രേഷ്ഠമായതാണെന്നോ പറയുവാൻ കഴിയില്ല. ഞാൻ സംസാരിക്കുന്ന എല്ലാ യോഗങ്ങളിലും എന്റെ അനുഭവസാക്ഷ്യം അറിയിക്കാതെ ഇരുന്നിട്ടുമില്ല. അതുകൊണ്ടു മിക്കവാറും എല്ലാവരും എന്റെ അനുഭവസാക്ഷ്യം കേട്ടിട്ടുള്ളവരത്രെ. പക്ഷെ, എന്റെ അനുഭവസാക്ഷ്യത്തിലൂടെ പ്രസ്താവിക്കാത്ത ആത്മീയാനുഭവങ്ങൾ അനവധിയുണ്ട്. പ്രസ്തുത അനുഭവങ്ങളെ ചില സ്ഥലങ്ങളിൽ മാത്രമേ പ്രസ്താവിച്ചിട്ടുള്ളൂ. വീണ്ടും അവയെ പലപ്പോഴായി പ്രസിദ്ധീകരിക്കുവാൻ പോകുന്ന ഈ ലഘുലേഖകൾ സശ്രദ്ധം നിങ്ങൾ വായിച്ച് ഈ അനുഭവങ്ങളെക്കുറിച്ച് ഞാൻ തുടർന്നു എഴുതിയാൽ ഏതെങ്കിലും വിശ്വാസികൾക്ക് പ്രയോജനപ്രദമായിരിക്കുമോ എന്ന് എന്നെ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

## എന്റെ ആദ്യത്തെ മിഷണറി പ്രവർത്തന അനുഭവങ്ങൾ

**FMPB മിഷണറി സ്ഥാപനത്തെക്കുറിച്ച് ചില വിഷയങ്ങൾ**

FMPB എന്ന മിഷണറി സ്ഥാപനത്തിന്റെ ആരംഭകാല സ്ഥാപകർ



**Bro.P.Samuel,Rev.Theodre Williams,Rev.Fredgokavi and Dr.Sam Kamalesan**

ഇവരാണ്. ഇവരോടൊപ്പം മറ്റു ചിലരും ചേർന്ന് ഭാരതദേശത്തിന്റെ സുവിശേഷീകരണത്തിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈ പ്രാർത്ഥനാ കൂട്ടായ്മ “Friends Prayer Band’ എന്ന പേരിൽ അറിയപ്പെട്ടു. അതിനുശേഷം പരിശുദ്ധാത്മാവിന്റെ നിരന്തരമായ പ്രേരണയാൽ, പ്രാർത്ഥിച്ചാൽ മാത്രം പോരാ, മിഷണറിമാരായി പോയാൽ മാത്രമേ ഭാരതദേശം യേശുവിനെ അറിയുവാൻ സാധിക്കുകയുള്ളൂ എന്ന് മനസ്സിലാക്കി. അതേതുടർന്ന് മിഷണറിമാരെ ഇന്ത്യയ്ക്കകത്ത് അയയ്ക്കുവാൻ വേണ്ടി പ്രാർത്ഥിച്ചു. തുടർന്ന് ഈ കൂട്ടായ്മയെ FMPB (Friends Missionary Prayer Band) എന്ന പേരിൽ മാറ്റപ്പെട്ടു. അതിനുശേഷമാണ് ഈ

കൂട്ടായ്മ മിഷണറിമാരെ അയയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. സമർപ്പണമുള്ള വ്യക്തികളെ ലഭിക്കുന്നതിനുവേണ്ടി പല സ്ഥലങ്ങളിലും **മിഷണറിയോഗങ്ങൾ** സംഘടിപ്പിച്ചു. ആദ്യത്തെ മിഷണറിയോഗം തമിഴ്നാട്ടിൽ ഡേനീഷ്പേട്ട് എന്ന സ്ഥലത്ത് ബഥേൽ ഫെല്ലോഷിപ്പ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മൈതാനത്ത് വച്ച് നടത്തപ്പെട്ടു. തുടർന്ന് ഓരോ വർഷവും മെയ്മാസത്തിൽ ഈ യോഗങ്ങൾ നടത്തപ്പെട്ടു. ഈ യോഗങ്ങളിൽ തമിഴ്നാട്ടിലെ പല ജില്ലകളിൽ നിന്നും വിശ്വാസികളായ ആയിരങ്ങൾ കടന്നുവരികയുണ്ടായി.

ഞാൻ രക്ഷിക്കപ്പെട്ട നാലു വർഷങ്ങൾക്കുശേഷം എനിക്ക് നേരിട്ട മറക്കാനാവാത്ത ഒരനുഭവം ചുവടെ ചേർക്കുന്നു. 1964-ൽ ഞാൻ രക്ഷിക്കപ്പെട്ടു. ഈ സ്ഥാപനത്തിന്റെ ആദ്യത്തെ മിഷനറിയായി തിരഞ്ഞെടുക്കപ്പെട്ട രണ്ടുപേരിൽ ഒരാളാണ് ഞാൻ. മറ്റേയാൾ **സഹോ:ഹാരിസ് ഹിൽട്ടൻ**. മിഷനറിയായി ഞാൻ തെരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പായി ഉണ്ടായ ഒരു സംഭവം ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ.

# ലോറി അപകടം

സേലത്തിൽ നിന്നും ബാംഗ്ളൂരിലേക്കു ഒരു ലോറിയിൽ ഞാൻ യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾ ഹുസൂർ (Hosur) എന്ന സ്ഥലത്ത് ഒരു പുഴവക്കത്തുള്ള റോഡിൽവെച്ച് ലോറി തലകീഴായി മറിയുകയും ഡ്രൈവറും ക്ലീനറും ഗുരുതരമായ പരിക്കുകളേറ്റ്, ക്ലീനർ മരണാവസ്ഥയിലായി. ഞാൻ ലോറിയുടെ മുമ്പിലുള്ള കണ്ണാടി കാലുകൊണ്ടു പൊട്ടിച്ചു പുറത്തേക്കു ചാടി. മറ്റുള്ളവരെ ആംബുലൻസ് വരുത്തി കൊണ്ടുപോകുന്നതിന് മുമ്പ് ഞാൻ സേലത്തിലേയ്ക്ക് വരികയായിരുന്ന മറ്റൊരു ബസ്സിൽ സേലത്ത് എത്തി. കർത്താവു തന്റെ കരങ്ങളിൽ എന്നെ സൂക്ഷിച്ചു.

ഇതിനുശേഷം തിരുപ്പൂർ സി.എസ്.ഐ പള്ളിയിൽ വി.ബി.എസ് യോഗങ്ങൾ നടത്തുവാൻ ഞങ്ങൾ ഗ്രൂപ്പായി പോയിരുന്നു. അന്നൊരു ദിവസം അച്ചന്റെ വീട്ടിന്നരികിൽ തുറസ്സായ സ്ഥലത്ത് ഉണ്ടായിരുന്ന മണൽപ്പുറത്തു കിടന്നുകൊണ്ടു എനിയ്ക്ക് അന്ന് നേരിട്ട ഭയങ്കര ലോറി അപകടത്തെക്കുറിച്ചും കർത്താവു എന്നെമാത്രം രക്ഷിച്ച വിധത്തെപ്പറ്റിയും ചിന്തിച്ചുകൊണ്ടിരുന്നു.

'എന്തുകൊണ്ടാണ് ഈ അപകടം ഉണ്ടായത്? മറ്റുള്ളവർക്കേൽക്കപ്പെട്ട ഗുരുതരാവസ്ഥ എനിക്ക് സംഭവിക്കാതിരിക്കാനുള്ള കാരണം എന്താണ്? എന്തുകൊണ്ടു കർത്താവ് എന്നെ മാത്രം രക്ഷിച്ചു? ഈ ചോദ്യങ്ങൾ നന്ദി സൂചകമായ വികാരങ്ങളായി എന്റെ ഹൃദയത്തിൽ ശക്തിയായി ഉയർന്നുക്കൊണ്ടിരുന്നു. പിറ്റേ ദിവസം സേലത്തേക്കു ചെന്നു 1964-ന് മുമ്പ് സംഭവിച്ച അപകടത്തെക്കുറിച്ച് ഡേനീഷ് പേട്ടയിൽ ഒരു സഹോദരനുമായി പങ്കുവെച്ചു. ദൈവം എന്നിൽ നിന്നും എന്തോ പ്രതീക്ഷിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ അത് നിർവ്വഹിക്കുക തന്നെ വേണം എന്ന ചിന്ത എന്റെ ഹൃദയത്തെ മദിച്ചുകൊണ്ടിരുന്നു.

എന്റെ ചിന്ത മറ്റുള്ള വിശ്വാസികളുമായി പങ്കുവച്ചു. അതിനു ശേഷം ഞാൻ ഒരു തീരുമാനം എടുത്തു. കർത്താവിനുവേണ്ടി മുഴുവൻ സമയവും സേവകനായി തൊഴിലുപേക്ഷിച്ച്, കാടുകളിൽ സൗജന്യമായ വൈദ്യചികിത്സയോടുകൂടി സുവിശേഷ പ്രവർത്തനം ചെയ്യുവാൻ ആദ്യത്തെ മിഷനറിയായി ചെല്ലുവാനിടയായി. മറ്റു ചില സംഭവങ്ങളോടൊപ്പം ആ സംഭവവും എന്നെ ഒരു മിഷനറി ആകുവാൻ പ്രേരിപ്പിച്ചു.

## മിഷണിറിയായി പ്രവർത്തിക്കുവാൻ എന്നെ പ്രേരിപ്പിച്ച സംഭവം

1964 മുതൽ ഓരോ വർഷവും സേലത്തിനടുത്ത് ഡേനീഷ്പേട്ടയിൽ എഫ്.എം.പി.ബിയുടെ മിഷണറിയോഗങ്ങൾ പതിവായി നടക്കുന്നുണ്ട്. ഓരോ യോഗത്തിന്റേയും അവസാനം മിഷണറിയായി പ്രവർത്തിക്കുവാൻ താൽപര്യത്തോടെ അനേകം വ്യക്തികൾ കടന്നുവരും. എന്നാൽ അവരാരും തന്നെ പോകുവാൻ തയ്യാറായില്ല. യോഗം കഴിഞ്ഞ് പോയതിനുശേഷം അവരിൽ നിന്നും അനുകൂലമായ യാതൊരു മറുപടിയും ലഭിച്ചില്ല. പിന്നെ, എന്തിനാണ് അവരെല്ലാം താൽപര്യത്തോടെ കൈകൾ ഉയർത്തുന്നത്. ഇത് എന്നെ വളരെയധികം ചിന്തിപ്പിച്ചു. അതിനുശേഷം പരിശുദ്ധാത്മാവ് എന്നോട് ഇടപെട്ടു. നീയും ആ യോഗങ്ങളിൽ പങ്കെടുത്ത വ്യക്തി അല്ലേ? ഒരു മിഷണറിയായി പ്രവർത്തിക്കാനുള്ള താൽപര്യം എന്തുകൊണ്ട് നിനക്ക് ഉണ്ടായില്ല? ഈ ചോദ്യം എന്റെ ഹൃദയത്തിൽ ഒരു വലിയ കോളിളക്കം സൃഷ്ടിച്ചു. ഒരു രാത്രിയിൽ ഞാൻ ഒരു ആദ്യ മിഷണറിയായി പോകുവാൻ തീരുമാനമെടുത്തു. പിറ്റെദിവസം, ഞാൻ ഡോക്ടറായി സേവനം അനുഷ്ഠിച്ചിരുന്ന ഡേനീഷ്പെട്ടയിലെ ബഥേൽ ആശുപത്രിയിൽ ചെന്നു. അവിടെ വെച്ച് ബഥേൽ ഫെല്ലോഷിപ്പിന്റെ സ്ഥാപകനും FMPB യുടെ സ്ഥാപകനുമായ ബ്രദർ.പി.ശാമുവേൽ അവർകളോട് എന്റെ തീരുമാനം അറിയിച്ചു. എന്റെ തീരുമാനം അറിഞ്ഞ അദ്ദേഹം വളരെയധികം സന്തോഷിക്കുകയും ദൈവത്തിന് നന്ദി പറയുകയും ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് അവിടെവെച്ച് തന്നെ ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തു. FMPB യ്ക്ക് ആദ്യമിഷണറിയെ ലഭിച്ച വിവരം മറ്റ് ഭാരവാഹികൾക്ക് ടെലഗ്രാം മുഖേന അറിയിച്ചു.

അങ്ങനെ ആദ്യത്തെ മിഷണറിയായ ഞാൻ, എന്റെ ഡോക്ടർ ജോലി രാജിവെച്ച്, സ്വന്തമായി നടത്തിയിരുന്ന ക്ലീനിക്കും അടച്ച് ആദ്യത്തെ FMPB മിഷണറിയായി "പെരിയമല" എന്ന് അറിയപ്പെടുന്ന സ്ഥലത്തേയ്ക്ക് പുറപ്പെട്ടു.

1967–ാമാണ്ടു ജൂൺ മാസം 9–ാം തീയതി എന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഒരു ദിവസമായിരുന്നു. "Friends Missionery Prayer Band" ന്റെ ഭാരവാഹികളായ **റവ:ഡോ.സാം കമലേശൻ, ബ്രദർ:പി.ശാമുവേൽ, റവ:ജി.മോഹൻ, ബ്രദർ: എമിൻ ജപസിംഗ്** (മുൻ വിശ്വവാണി ഡയറക്ടർ) എന്നിവരെല്ലാം എന്നെയും മറ്റൊരു മിഷണറിയായ ജി.ഹാരിസ് ഹിൽട്ടൻ അവർകളെയും മലയുടെ താഴ്വാരത്തുവെച്ചു പ്രതിഷ്ഠാരാധന നടത്തി.

## എഫ്.എം.പി.ബിയിലെ ആദ്യത്തെ മിഷണറികൾ



ഡോ.പുഷ്പരാജ്



മിസ്റ്റർ.ഹാരിസ് ഹിൽട്ടൻ

എഫ്.എം.പി.ബിയിലെ ആദ്യത്തെ മിഷണറിമാരായി വനത്തിനുള്ളിൽ പ്രവർത്തിച്ചവർ.

അതിനുശേഷം എല്ലാവരും കൂടെ മലമുകളിൽ കയറി അവിടെയുള്ള ആദിവാസി ഗ്രാമത്തിൽ എത്തി. ഒരു കുടിലിൽ ഞങ്ങളെ കൊണ്ടുവന്നാക്കിയിട്ടു പോയി. അങ്ങനെ Friends Missionary Prayer Band ന്റെ പേരിൽ ചില മാസങ്ങൾ പെരിയമല എന്നു അറിയപ്പെടുന്ന കാടുകളിൽ താമസിച്ചു കർത്താവിന്റെ വേല ചെയ്തു. എന്നാൽ ആ ദിവസങ്ങളിൽ എനിയ്ക്കു ലഭിച്ച അനുഭവങ്ങളും, അനുഗ്രഹങ്ങളും മറക്കാനാവില്ല. ഡോക്ടർ എന്ന നിഗളിപ്പ് അവിടെ വെച്ചാണ് നശിപ്പിക്കപ്പെട്ടത്. ദൈവത്തിന് സ്തോത്രം! ഞങ്ങൾ പോയിരുന്ന മലയുടെ പേരു **'പെരിയമല'** എന്നാണ്. മലയിൽ ഞങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ പേര് **'പെട്ടമുകുളാളം'** എന്നാണ്. (ഈ കാട്ടിലാണ് ചന്ദനകൊള്ളക്കാരൻ വീരപ്പൻ താമസിച്ചിരുന്നത്.) ഈ തിങ്ങിയ വനത്തിന്റെ മധ്യത്തിൽ ഒരു ചെറിയ കുടിൽ **(പന്നികളെ വളർത്തുന്ന കുടിൽ)**. നിലത്തു കിടന്നു ഇഴഞ്ഞുവേണം അതിനകത്തു ചെല്ലേണ്ടതു. കുടിലിന്റെ ഭിത്തിയുടെ പൊക്കം ഒരടി അതാണെങ്കിൽ ആകപ്പാടെ വിണ്ടുക്കീറിയതും ദ്വാരങ്ങൾ നിറഞ്ഞതുമാണ്. അതിൽ വസിക്കുന്ന വിവിധങ്ങളായ വിഷജന്തുക്കൾ കാഴ്ചയ്ക്ക് വിനോദകരമാണ്. ദിവസേന പാമ്പിൻ കുഞ്ഞുങ്ങൾ, ഭിത്തിയിൽകൂടി ഇഴഞ്ഞുചെല്ലുന്നതും പഴുതാര ഓടുന്നതും കാണാം. ഞങ്ങൾ അവയെ കൊല്ലാറില്ല. കാരണം കൊന്നാലൊട്ടു അവസാനിക്കുന്ന രീതിയിലല്ല! പന്നികളെ വളർത്തിയ ഈ കുടിലിലാണ് ഞങ്ങൾ ആദ്യം താമസിച്ച് മിഷണറി പ്രവർത്തനം തുടങ്ങിയത്.

രാത്രി ഭയങ്കര തണുപ്പ്. രണ്ടുപേർക്കും കൂടി ഒരു കമ്പിളി മാത്രമേയുള്ളൂ. രണ്ടുപേരും ചേർന്നു പുതയ്ക്കും. രാവിലെ ഉണരുമ്പോൾ കമ്പിളിയുടെ മുകളിൽ കാണുന്ന എലികുഞ്ഞുങ്ങൾ, പഴുതാര എന്നിവയെ കുടഞ്ഞു കളഞ്ഞശേഷം പ്രാർത്ഥനയ്ക്കു ഒരുങ്ങും.

**ഒരു കുത്തിവെയ്പ്പിന്റെ വില**
**ഒരു നാഴി പഞ്ഞപ്പുല്ലുമാവ് (റാഗി)**

എഫ്.എം.പി.ബിയിൽ മിഷണറിമാർക്ക് പണം അയക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മിഷണറികൾക്ക് പണമില്ലാത്ത അവസ്ഥ നേരിട്ടു. ഉണ്ടായിരുന്ന അരിയും തീർന്നു. എങ്കിലും ഞങ്ങളുടെ പ്രവർത്തനം നിർവിഘ്നം തുടർന്നു. പതിവുപോലെ അതിരാവിലെ വിറച്ചുകോച്ചുന്ന തണുപ്പിനെ അവഗണിച്ചു ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലേക്കു ചെല്ലും. വീടുതോറും ചെന്നു ഓരോ വ്യക്തിയെയും സന്ദർശിച്ചു യേശുവിനെ പരിചയപ്പെടുത്തും. പാട്ടുപാടി കുട്ടികളെ സന്തോഷിപ്പിക്കും. വിശുദ്ധവേദപുസ്തകത്തിലെ കഥകൾ പറഞ്ഞുകൊടുക്കും.

പരിചയമുള്ള ഒരു ഗ്രാമത്തിൽ ഞങ്ങൾ ഒരു പ്രാവശ്യം പോയി. അകലെ ഞങ്ങളെ കണ്ട കുട്ടികൾ ഗ്രാമത്തലവനെ വിവരം അറിയിച്ചു. യേശു സ്വാമി വരുന്നു എന്നു കുട്ടികൾ പറഞ്ഞപ്പോൾ എത്ര യേശു വരുന്നു എന്നു അയാൾ ചോദിച്ചു. രണ്ടു യേശു സ്വാമികൾ വന്നു കൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. അത്രയേറെ കാര്യങ്ങൾ അറിയാത്തവരായിരുന്നു ഗ്രാമവാസികൾ!

ആ ഗ്രാമത്തിലുള്ള ആദ്യം കണ്ട വയോവൃദ്ധനായ ഒരാളെ സമീപിച്ചു നിങ്ങൾക്കു തമിഴ് അക്ഷരങ്ങൾ വായിക്കാനറിയാമോ എന്നു ചോദിച്ചു. "അറിയില്ല. പക്ഷേ ഞങ്ങൾ കണ്ടിട്ടുള്ള ആദ്യത്തെ തമിഴ് എഴുത്തു ഒരു സ്ഥലത്തുണ്ടെന്നും തനിക്ക് അതു അറിയുമെന്നും പറഞ്ഞു." തുടർന്നു ഞങ്ങളെ അങ്ങോട്ടു ക്ഷണിച്ചു കൊണ്ടുപോയി. അതു ചെറിയ ഒരു അമ്പലമായിരുന്നു. അകത്തു ഒരു കല്ല് പ്രതിഷ്ഠിച്ചു വിഗ്രഹാരാധന നടത്തുന്നു. മേൽക്കൂരയ്ക്കു പകരം രണ്ടു

തകരങ്ങൾ ചായ്ച്ചു വെച്ചിട്ടുണ്ട്. അതിൽ ഒരു തകരത്തിൽ ആ ജനങ്ങൾ തങ്ങളുടെ ജീവിതത്തിൽ കണ്ടിട്ടുള്ളതായ ആദ്യത്തെ തമിഴ് എഴുത്തു കാണിച്ചു. അതു **"M.G.R. വാഴ്ക"** എന്നു കുമ്മായം കൊണ്ടു എഴുതിയതായിരുന്നു.

ആദ്യമായി ഞങ്ങളാണു തമിഴിൽ 'യേശു' എന്ന വാക്കുമായി അറിയിക്കുവാൻ ചെന്നു എന്നു വിചാരിച്ച ഞങ്ങളെ മേൽപ്പറഞ്ഞ മൂന്നു അക്ഷരങ്ങൾ പിന്നിലാക്കിക്കളഞ്ഞു!

ഇപ്രകാരമുള്ള പരിപാടികളുടെ ഇടയ്ക്ക് ഭക്ഷ്യപ്രശ്നങ്ങളും ശ്രദ്ധിക്കുവാൻ മുതിർന്നു. രോഗികളെ അന്വേഷിച്ചലഞ്ഞു. മഹാരോഗം ബാധിച്ച ഒരു സ്ത്രീയുടെ അടുത്തു ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. അവിടെയുള്ളവർ രോഗം മൂർദ്ധന്യാവസ്ഥയിലായാൽ കട്ടിലിനോടു ചേർത്തു രോഗിയെ ചുമന്നുകൊണ്ടു മലയിൽ നിന്നും അടിവാരത്തേക്കിറങ്ങി ടൗണിൽ ചെന്നു ചികിത്സ ചെയ്യുന്ന രീതിയുണ്ട്. കുറേനിലം, കാർഷികമായ മറ്റുൽപ്പന്നങ്ങൾ, മുളവെട്ടി വിൽക്കുക തുടങ്ങിയ ആദായമാർഗ്ഗങ്ങൾ ഉള്ളവർക്കു മാത്രമേ രോഗികളെ മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ ചികിത്സയ്ക്കു വിധേയരാക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെ കുറേ ജീവിതസൗകര്യങ്ങളുള്ളവരാണു ഞാൻ സന്ദർശിച്ച രോഗിയും. എന്നാൽ ആ ഗ്രാമത്തിൽ ആരുടെ പക്കലും പണമില്ല. ക്രയവിക്രയങ്ങൾ നടക്കുന്നതു സാധനങ്ങൾ പരസ്പരം കൈമാറുന്നതു മൂലമാണ്.

ഞാൻ ആ സ്ത്രീക്കു മരുന്ന് കുത്തിവെച്ചു ഞങ്ങളുടെ വിശപ്പിനു **പഞ്ഞപ്പുല്ലു മാവു** (റാഗി പൗഡർ എന്നഭിമാനത്തോടുകൂടി പറയാം) വാങ്ങി ആ മാവിൽ ഉപ്പു മാത്രം കുഴച്ചു എണ്ണ, മുളക്, ഉള്ളി ഇവ ഒന്നും തന്നെ ഇല്ലാതെ റൊട്ടിപോലെ തട്ടി വേകിച്ചുതിന്ന അനുഭവം എനിക്കു മറക്കാനാവില്ല!

വീട്ടിൽ എത്ര സമൃദ്ധിയായി രുചിയോടുകൂടി ഭക്ഷണം തന്നാലും കുറ്റം പറഞ്ഞു കഴിക്കുന്ന എനിക്കു കർത്താവു നല്ല ഒരഭ്യസനം തന്നു. ആ സാഹചര്യത്തിൽ എനിക്കു ആ റൊട്ടി വളരെ രുചികരമായിരുന്നു.

## ഒരു ചായക്കുവേണ്ടി പാട്ടു പാടി....

ഒരു ദിവസം വളരെ ദൂരമുള്ള ഒരു ഗ്രാമത്തിലേക്കു പോകുവാൻ നിശ്ചയിച്ചു. ഉച്ചഭക്ഷണം ഒരു പൊതിയാക്കി കൈവശം വെച്ചുകൊണ്ടു ആ ഗ്രാമത്തിൽ കടന്ന് സുവിശേഷം അറിയിക്കുവാനും വൈകുന്നേരം കുടിലിൽ വന്നു ചേരാനും തീരുമാനിച്ചു. അതിരാവിലെ ഇരുട്ടുള്ളപ്പോൾതന്നെ യാത്ര തിരിച്ച് തിങ്ങിയ ഘോരവനത്തിലൂടെയാണ് പാത. ഞങ്ങളുടെ എതിരെ വന്ന ആൾക്കാരോട് സുവിശേഷം അറിയിച്ചുകൊണ്ട് യാത്ര തുടർന്നതുകൊണ്ടു നേരം പോയതു അറിയാതിരുന്നു. വിശപ്പായപ്പോൾ കൈവശം ഇരുന്ന പൊതിയഴിച്ചു ഭക്ഷണം കഴിച്ച് വീണ്ടും നടക്കാൻ തുടങ്ങി.

തികച്ചും അപരിചിതമായ പാത, ആ ഗ്രാമവും ആദ്യമായിട്ടാണ് സന്ദർശിക്കുന്നത്. അതുകൊണ്ട് ഏതു വിധേനയും ആ ഗ്രാമത്തിലേക്ക് പോകാതെ മടങ്ങുകയില്ലെന്നുള്ള തീരുമാനത്തോടുകൂടി വേഗത്തിൽ നടന്നു. മുമ്പിൽ മരങ്ങൾ തിങ്ങി അന്ധകാരം നിറഞ്ഞ അന്തരീക്ഷം. ചുറ്റും മുളക്കൂട്ടംകൊണ്ട് നിറഞ്ഞിരുന്നു. വഴിയിൽ ഒരു കാട്ടാന കൂരിരുൾ മധ്യത്ത് കറുത്ത്, മരത്തിന്റെ പൊക്കത്തിൽ നിൽക്കുന്നത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടില്ല. ഞങ്ങൾ അതിനോടടുത്തു. അൽപ്പം കൂടി അടുത്തിരുന്നാൽ ആനയുടെ പിൻകാലുകളിൽ ഞങ്ങൾ

മുട്ടിനിൽക്കുമായിരുന്നു. പൊടുന്നനവേ ആനയുടെ മലമൂത്രങ്ങളുടെ ചൂട് ഞങ്ങളുടെ കാലുകൾക്ക് അനുഭവപ്പെട്ടുതുമൂലം ആന ഞങ്ങളുടെ വളരെ സമീപത്തായിരുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. തൽക്ഷണം അവിടെ നിന്നുകൊണ്ട് ഞങ്ങൾ പ്രാർത്ഥിച്ചു. അപ്പോൾ സഹോ:ഹിൽട്ടൻ പറഞ്ഞു: 'ഭയപ്പെടേണ്ട! നമ്മുടെ അപ്പച്ചൻ സൃഷ്ടിച്ച മൃഗമാണല്ലോ നമ്മയൊന്നും ചെയ്യുകയില്ല" എന്ന് ധൈര്യപ്പെടുത്തി.

ഗ്രാമത്തിൽ ചെല്ലുമ്പോഴേക്കും വൈകുന്നേരം 5 മണിയായി. സുവിശേഷം വേഗത്തിൽ അറിയിച്ച് മടങ്ങി. എന്നാൽ സ്ഥലവാസികൾ ഞങ്ങളെ മടങ്ങിപ്പോകരുതേന്ന് തടസ്സപ്പെടുത്തി. കാരണം പകുതിദൂരം പോകുമ്പോഴേക്കും ഇരുട്ടിപ്പോകും; ചെന്നുചേരാനും സാധിക്കുകയില്ല; വഴിയിൽ വന്യമൃഗങ്ങളും ഉണ്ടായിരിക്കും. എന്നിരുന്നാലും ഞങ്ങളെ തടസ്സപ്പെടുത്തിയ ഗ്രാമവാസികൾ അവരുടെയിടയിലുള്ള ചില നിയന്ത്രണങ്ങൾ കാരണം ഞങ്ങൾ അവരുടെ ഏതെങ്കിലും വീടുകളിൽ തങ്ങുവാനും സമ്മതിച്ചിരുന്നില്ല. അതനുസരിച്ച് ഞങ്ങൾ അവരുടെ വീടുകളുടെ തിണ്ണകളിൽപ്പോലും കിടന്നില്ല. വിശപ്പും കലശലായി. നടന്നിട്ടുണ്ടായ ക്ഷീണം അതിന് പുറമേ കൈവശം പണവുമില്ല. വേറെ ഗ്രാമത്തിൽ ചെന്ന് താമസിക്കാമെന്ന് വെച്ചാൽ അവിടെയും ഈ വക നിയന്ത്രണമൊക്കെയുണ്ട്.

സമീപത്ത് ലോറിയിൽ മുള കയറ്റിക്കൊണ്ടു പോകുന്ന പാതയുണ്ട്. ഈ പാത എവിടേക്കാണ് പോകുന്നതെന്ന് ചോദിച്ചറിഞ്ഞപ്പോൾ 11 മൈലകലെയുള്ള ഒരു ചെറിയ നഗരത്തിലേക്ക് (ഡെംഗനിക്കോട്ട) പോകുന്നു എന്നറിഞ്ഞു. മുമ്പോട്ടു പോയാൽ മലയും കുന്നുകളുമടങ്ങിയ പ്രദേശമാണെന്നും കീഴോട്ട് കുറേ ദൂരം പോയാൽ സമതലവും അതിലൂടെ 11 മൈൽ കഴിഞ്ഞാൽ ഒരു ചെറിയ ഗ്രാമവും ഉണ്ടെന്നറിഞ്ഞു. നഗരത്തിലേക്ക് ചെന്ന് രാത്രി അവിടെ കഴിച്ചുകൂട്ടാമെന്ന് തീരുമാനിച്ചു. എന്നാൽ വിശപ്പിനെ ഞങ്ങൾക്ക് അതിജീവിക്കുവാൻ കഴിഞ്ഞില്ല. നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ഗ്രാമം കാണാറായി. അതിൽ ഒരു ചായക്കടയും അതിന് ചുറ്റും വെടിപറഞ്ഞുകൊണ്ടിരിക്കുന്ന കുറേ ആളുകളെയും കണ്ടു. ചായ വാങ്ങിക്കുവാൻ എന്റെ പക്കൽ പൈസ ഇല്ല. സഹോ:ഹിൽട്ടന്റെ പക്കലും പണമില്ല. ഞാൻ സഹോദരനോട് ഒരു പാട്ട് പാടാം എന്നും വിശപ്പോടുകൂടി സുവിശേഷം അറിയിക്കാം എന്നു പറഞ്ഞു. ഒടുവിൽ ഓരോ ചായ എങ്കിലും തരാതിരിക്കില്ലല്ലോ!

ഞങ്ങൾ പാടാനും പ്രസംഗിക്കാനുവാനും തുടങ്ങി. പ്രസംഗം അവസാനിച്ചതും അവർ ചായപ്പാത്രം കഴുകിവെച്ചതും ഒന്നിച്ചു കഴിഞ്ഞു. അപ്പോഴാണ് മനസ്സിലായത് ചായ തീർന്നുപോയി! അപ്പോൾ ഞങ്ങൾക്കുണ്ടായ വിഷമം വളരെ അധികമായിരുന്നു. ഇനിയും ഇവിടെ നിൽക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്ന് മനസ്സിലാക്കി വീണ്ടും നടക്കാൻ തുടങ്ങി.

ആകാശം ഇരുണ്ടു; ഇടി മുഴങ്ങി; മഴയും പെയ്തു തുടങ്ങി! കുറേ ദൂരം ഓടുക, പിന്നീട് നടക്കുക. ഇങ്ങിനെ ഒരിടത്തും നിൽക്കാതെ മഴയത്ത് പൊയ്കൊണ്ടിരുന്നു. ഞാൻ മഴക്കോട്ടും വെള്ളം കടക്കാത്ത തൊപ്പിയും ധരിച്ചിരുന്നു. ബൈബിളിനെ നനയാതെ ആശ്ലേഷിച്ചിരുന്നു. സഹോ:ഹിൽട്ടൻ തന്റെ കുട പിടിച്ചിരുന്നു. രണ്ടുപേരും പരസ്പരം സംസാരിക്കാതെ നടന്നുകൊണ്ടിരുന്നു.

കനത്ത മഴകാരണം ഒരു മരച്ചുവട്ടിൽ കുറച്ചുനേരം വിശ്രമിച്ചു. എനിക്ക് വിശപ്പ് സഹിക്കാനാവാതെ കരയുമെന്ന മട്ടിലായി. മഴയത്ത് കരഞ്ഞാലും ആർക്കും കാണാൻ സാധിക്കുകയില്ലല്ലോ! ഞാൻ വിശപ്പ് സഹിക്കാഞ്ഞ് തൊപ്പിയിൽ മഴവെള്ളം പിടിച്ചുകുടിച്ചു.

വീണ്ടും ഓടിയും നടന്നുമായി യാത്ര തുടർന്നു. അപ്പോൾ മുളകയറ്റിയ ഒരു ലോറി വന്നു. ഞങ്ങളെ കണ്ടതും ലോറി നിർത്തി ഡ്രൈവർ എന്നോട് 'സാർ, അകത്ത് കയറണം' എന്നാവശ്യപ്പെട്ടു. അകത്ത് എനിക്ക് ഒരാളിന് മാത്രമേ ഇരിക്കുവാൻ സ്ഥലമുണ്ടായിരുന്നുള്ളൂ. സഹോ:ഹിൽട്ടൻ ആവേശത്തോടുകൂടി മുളയുടെ പുറത്ത് കയറി. മഴ അല്പം കുറഞ്ഞു. വണ്ടിയും പുറപ്പെട്ടു. ഇപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം പ്രശ്നമൊന്നുമില്ല. എന്നാൽ സഹോ: ഹിൽട്ടന്റെ അവസ്ഥ അദ്ദേഹം പിന്നീടെന്നോട് പറഞ്ഞപ്പോൾ ഞാൻ വളരെ ദുഃഖിതനായി.

ലോറി പോകുമ്പോൾ മരക്കൊമ്പുകൾ ദേഹത്ത് ഉരസ്സി വനത്തിലൂടെയുള്ള പാതയായതുകൊണ്ട് വളഞ്ഞുപോകുമ്പോൾ വലതുവശം തിരിഞ്ഞുമറിഞ്ഞ് വളരെ പ്രയാസപ്പെട്ടു എന്ന് അറിഞ്ഞ് മനഃപ്രയാസം ഉണ്ടായി. ലോറിക്കകത്ത് ഒരു തമാശ! ഡ്രൈവർ എന്നോടൊരു ചോദ്യം ചോദിച്ചു. സാർ, ജീപ്പില്ലേ? ഞാനും ചുരുക്കത്തിൽ ഇല്ലെന്നു മാത്രം പറഞ്ഞ് വിവരിക്കാതെ ഒഴിഞ്ഞു ഒരക്ഷരവും മിണ്ടിയില്ല. യാത്രക്കൂലിയായി പണമെന്തെങ്കിലും ചോദിച്ചാൽ എന്താണ് മാർഗ്ഗമെന്ന് ലോറിക്കുള്ളിൽ ഇരുന്ന് ചിന്തിക്കുകയായിരുന്നു ഞാൻ. ഒരു ചുരുങ്ങിയ പ്രാർത്ഥനയും നടത്തി. വണ്ടി കാടുകളെ തരണം ചെയ്ത് **ഡെംഗനിക്കോട്ട** എത്തി. ഞങ്ങളെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാഫീസിന്റെ ഗേറ്റിൽ ഇറക്കി.

ഡ്രൈവറും ഇറങ്ങി ഞാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥൻ എന്ന് വിചാരിച്ച് എന്റെ കൈക്കുള്ളിൽ കറൻസി നോട്ടുകൾ തള്ളിക്കയറ്റി. അയാൾ എനിയ്ക്ക് സഹായം ചെയ്യുകയാണെന്ന് വിചാരിച്ച് വേണ്ടാ വളരെ നന്ദിയുണ്ട് എന്ന് പറഞ്ഞ് ഞാനത് തിരസ്കരിച്ചു. വീണ്ടും പ്രേരിപ്പിക്കുന്നെങ്കിൽ എന്റെ വിശപ്പിന്റെ കാഠിന്യംമൂലം ആ രൂപ സ്വീകരിക്കുമായിരുന്നു! പക്ഷേ, ഡ്രൈവർ എനിക്ക് സലാം പറഞ്ഞ് രൂപ തിരികെ വാങ്ങി സ്വന്തം കീശയിലിട്ട് ബഹുമാനപുരസ്സരം യാത്ര തിരിച്ചു. അയാൾ എന്തിന് എനിക്ക് രൂപ തരണം?

സഹോ: ഹിൽട്ടൻ പറഞ്ഞപ്പോഴാണ് വസ്തുത മനസ്സിലായത്. അവൻ എന്റെ മിലിട്ടറി മഴക്കോട്ടും തൊപ്പിയും കണ്ട് ഞാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ മേലധികാരി എന്ന് വിചാരിച്ചിട്ടായിരുന്നു ഞങ്ങളെ ബഹുമാനിച്ചത്. അപ്പോഴാണ് ആരംഭത്തിൽ ലോറി ഡ്രൈവർ എന്നോട് സാറിനും ജീപ്പില്ലേ എന്ന് ചോദിച്ചതിന്റെ അർത്ഥം മനസ്സിലായത്.

അവർ എന്നെക്കുറിച്ച് എങ്ങനെ ധരിച്ചിരുന്നുവോ എന്തോ! ഏതായാലും അധികം നടക്കാതെ **ഡെംഗനിക്കോട്ട** എത്തി! സ്തോത്രം. രാത്രി മണി 9.30 ആയി. അവിടെ ആ കാലത്ത് ഒരു ക്രിസ്ത്യാനിയോ ഒരു പള്ളിയോ ഉണ്ടായിരുന്നില്ല.

ഞാൻ അറിയുന്ന ഒരു ക്രിസ്ത്യാനിയായ പോലീസ് സബ് ഇൻസ്പെക്ടർ അവിടെയുള്ളതായി ചില വർഷങ്ങൾക്ക് മുമ്പ് കേട്ടിരുന്നു. അദ്ദേഹത്തെയെങ്കിലും കാണാമല്ലോ എന്നോർത്ത് പോലീസ് സ്റ്റേഷൻ തിരക്കി അവിടെയെത്തി. അവിടെ ഏതോ പരിപാടികൾ നടക്കുന്നതായി അറിഞ്ഞു. ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു കോൺസ്റ്റബിളിനെ സമീപിച്ച് സബ് ഇൻസ്പെക്ടർ ശാമുവേലിനെ കാണണമെന്നാവശ്യപ്പെട്ടു.

ഉടനെ അയാൾ ഇച്ഛാഭംഗത്തോടു കൂടി അയ്യോ, അദ്ദേഹം ജീപ്പിൽ കയറി പോയതേയുള്ളൂ എന്ന് പറഞ്ഞു. മടങ്ങി എപ്പോൾ വരുമെന്ന് ചോദിച്ചതിന് മടങ്ങി വരികയില്ല; അദ്ദേഹത്തിന് സ്ഥലമാറ്റം ലഭിച്ചുപോയതാണ്; അദ്ദേഹത്തിന് യാത്രയയപ്പ് സൽക്കാരം നൽകിയാണ് അയച്ചതെന്ന് കേട്ട ഉടനെ എന്റെ വയറ് പതിന്മടങ്ങ് കത്താൻ തുടങ്ങി!

വീണ്ടും നിരാശപ്പെട്ട് പരസ്പരം നോക്കി എന്തു ചെയ്യണമെന്നറിയാതെ തരിച്ചു നിന്നുപോയി! പിന്നീട് ആ കോൺസ്റ്റബിളിനോട് തന്നെ അയാളറിയുന്ന ക്രിസ്ത്യാനികൾ ആരെങ്കിലും അവിടെയുണ്ടോ എന്ന് ചോദിച്ചു. ആ സ്ഥലത്തു അങ്ങനെ ആരുമില്ല. എങ്കിലും തഹസിൽദാരാഫീസിൽ ഒരു ക്രിസ്ത്യാനിയായ ക്ലാർക്ക് പുതിയതായി സ്ഥലം മാറി വന്ന് ഓഫീസിൽ തന്നെ താമസിക്കുന്നു എന്ന് പറഞ്ഞു ഉടനെ അവിടെ ചെന്നു. അയാളും അവിടില്ലായിരുന്നു. ഞങ്ങൾ അവിടെ കാത്തിരുന്നു. സിനിമ കഴിഞ്ഞ് 11 മണിക്കയാൾ വന്നുചേർന്നു. ഞങ്ങൾ ഞങ്ങളുടെ അവസ്ഥയെ അറിയിച്ചു. വിശപ്പിന്റെ കാര്യം മാത്രം പറഞ്ഞില്ല.

## അതൊരു അഭിമാനത്തിന്റെ പ്രശ്നമായിരുന്നു....

ഊണു കഴിച്ചുവോ എന്നയാൾ ഞങ്ങളോട് ചോദിക്കുമെന്ന് കാത്തിരുന്നു. അയാൾ ഒന്നും അതിനെക്കുറിച്ച് ചോദിച്ചതേയില്ല. കാരണം അയാൾ അപ്പോഴാണ് ഊണും കഴിഞ്ഞ് പല്ലിട കുത്തിക്കൊണ്ട് വന്നത്. അദ്ദേഹം ഞങ്ങളോടു പറഞ്ഞത് ഗവൺമെന്റ് ആഫീസിൽ വേറെ ആരെയും താമസിപ്പിക്കാൻ പാടില്ലത്രെ. എന്നാൽ ഇവിടെ പഞ്ചായത്ത് കമ്മീഷണർ (ബി.പി.ഒ) ആയിരിക്കുന്നത് ഒരു ക്രിസ്ത്യാനിയാണ്. അദ്ദേഹം ഈയിടെയാണ് സ്ഥലമാറ്റം കിട്ടി ഇവിടെ വന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ വീട്ടിൽ നിങ്ങളെ കൊണ്ടു ചെന്നാക്കാം. ഈ 12 മണി സമയത്ത് കതക് തട്ടിവിളിച്ചാൽ അദ്ദേഹത്തിന് ശല്യമാകുമോ എന്ന് പറഞ്ഞുകൊണ്ട് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. അപ്പോൾ ഞങ്ങൾ പ്രാർത്ഥിച്ചു.

## മുട്ടുന്നവന് തുറക്കും....

കതകു തട്ടിയ ഉടനെ തുറന്നു. ഞങ്ങളെ കൂട്ടിക്കൊണ്ടുപോയ ആൾ മാത്രം അകത്തുപോയി അൽപ്പനേരംകൊണ്ട് അയാൾ പുറത്തുവന്ന് ഞങ്ങളെ ക്ഷണിച്ചു. ആ ആഫീസർ ഞങ്ങളെ സ്നേഹപൂർവ്വം സ്വീകരിച്ചത് എത്രയോ ഹൃദ്യമായിരുന്നു. എന്നാൽ അദ്ദേഹത്തിന് ശബ്ദിക്കുവാൻ കഴിയില്ലായിരുന്നു. വെല്ലൂർ ആശുപത്രിയിൽ നിന്നും തൊണ്ടയിൽ ശസ്ത്രക്രിയ കഴിഞ്ഞ് വന്നതേയുള്ളു. അതുകൊണ്ട് അദ്ദേഹത്തിന്റെ മറുപടി ഒരു സ്ലേറ്റിൽ എഴുതി 'സെഖ്യരാവിനെ'പോലെ അറിയിച്ചു.

ഞങ്ങളുടെ നില വ്യക്തമാക്കി, സംസാരത്തിനിടയിൽ ഊണുകഴിച്ചുവോ എന്ന് ഞങ്ങളോടു തിരക്കിയ ക്ഷണത്തിൽ തന്നെ എന്റെ വയറു ശാന്തമായി. അധികം വിവരിക്കാതെ യാതൊരു സങ്കോചവും കൂടാതെ 'ഇല്ല' എന്ന ഒരു വാക്കിൽ ഉത്തരം പറഞ്ഞു. അദ്ദേഹം ഭാര്യയോടു ചോദിച്ചു. അവർ ചോറു ഇല്ലെന്ന നിസ്സഹായത അറിയിച്ചു.

ഉടനെ ഞങ്ങളെ കൂട്ടിക്കൊണ്ടു പോയ ക്ലാർക്കിനെ ഭക്ഷണം വാങ്ങിക്കൊണ്ടു വരുവാൻ കടയിലേക്കയച്ചു. അരമണിക്കൂർ കഴിഞ്ഞു അയാൾ മടങ്ങിവന്ന് ഒരു കടയിലും ഭക്ഷണം ഇല്ലെന്നും ഒരു കടയിൽ പെറോട്ട മാത്രം ഉണ്ട്, കറികളൊന്നുമില്ലായെന്നറിയിച്ചു. ഞങ്ങളെ അയാളുടെ കൂടെ അയച്ചു അവയും തീരുന്നതിനുമുമ്പ് വാങ്ങിച്ചു, പഴവും വാങ്ങിക്കൊടുത്തു കൂട്ടിക്കൊണ്ടുവരാൻ ഉത്തരവിട്ടു. എങ്ങനെയോ തിന്നു ക്ഷീണം തീരുവോളം അദ്ദേഹത്തിന്റെ ഭവനത്തിൽ നന്നായി കിടന്നുറങ്ങി. രാവിലെ ഞങ്ങളുടെ കുടിലിൽ ചെല്ലാൻ അദ്ദേഹം തന്നെ ലോറി ഏർപ്പാടു ചെയ്തു. ദൈവത്തിനു സ്തോത്രം. എന്നാലും ഞാൻ പ്രവർത്തിച്ചിരുന്ന ആ മിഷണറി പ്രവർത്തന ദിവസങ്ങൾ എന്റെ ഓർമ്മയിൽ നിന്നും മാഞ്ഞു പോയിട്ടില്ല. പല സംഭവങ്ങളും എന്റെ സ്മൃതിപഥത്തിൽ ഇപ്പോഴും പൊന്തിവരുന്നു.

അതിന്റെ പ്രതികരണമാണ് ഈ അനുഭവസാക്ഷ്യം. പ്രസ്തുത മിഷണറി പ്രവർത്തനം ഇപ്പോഴും എഫ്.എം.പി.ബി പ്രവർത്തനം അവിടെ തുടർന്നു വരുന്നു. ഇപ്പോൾ അവിടെ ഒരു ദേവാലയം, അദ്ധ്യാപകർക്കു താമസിക്കുവാൻ സൗകര്യമുള്ള നല്ല കെട്ടിടങ്ങൾ എന്നിവ ഉയർന്നു വന്നിട്ടുണ്ട്. ദൈവത്തിനു സ്തോത്രം. ഞങ്ങൾ മിഷണറി പ്രവർത്തനം തുടങ്ങിയ ആ സ്ഥലത്ത് പള്ളിയും സ്കൂളും എഫ്.എം.പി.ബി തുടങ്ങിയിട്ടുണ്ട്. കൂടാതെ ഇപ്പോൾ ഒരു നല്ല ആശുപത്രിയും തുടങ്ങിയിട്ടുണ്ട്. അവിടെ നടക്കുന്ന സുവിശേഷ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

ഇത്രയും പ്രതിസന്ധികളിലൂടെ കടന്നുവന്ന ഞാൻ തുടർന്നും ക്രിസ്തുവിനു വേണ്ടി കഷ്ടങ്ങൾ സഹിക്കുവാൻ ദൃഢപ്രതിജ്ഞ ചെയ്തു.

എനിക്കു മാത്രമേ ഈ തരത്തിലുള്ള അനുഭവങ്ങൾ ഉള്ളൂ എന്ന് വിചാരിക്കേണ്ട, എന്നേക്കാളധികം കഷ്ടങ്ങൾ സഹിച്ചവർ അനേകരുണ്ട്. അവരെല്ലാവരും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കണമേ. ഇതുപോലെ സുവിശേഷ വേലക്കാരെ അയയ്ക്കുന്നതായ എല്ലാ **മിഷണറി സ്ഥാപനങ്ങളെയും** സഹായിക്കുവിൻ, അവർക്കുവേണ്ടിയും ദിവസേന പ്രാർത്ഥിപ്പിൻ. "ഇവൻ ആർ?.....ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ...." വെളി 7:13,14 "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവന്നുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു" ഫിലി 1:29. "......ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവർക്കുള്ളത്." മത്തായി 5:10.

For further information about FMPB and to send contribution for FMPB Please contact the following address

FMPB
29,High School Road
Ambattur
Chennai. T.N. 600 053.
Tel: 044-26570404, Email: www.fmpb.co.in/www.fmpb.org

## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, PDF വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ-മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ-മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ-മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ-മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

# തിരിഞ്ഞുനോട്ടം നമ്പർ – 2

## പണത്തിന്റെ കാര്യത്തിൽ എന്റെ അനുഭവം

1964 മുതൽ 1977 വരെയുള്ള കാലഘട്ടത്തിൽ എന്റെ ദൈവവേലയിൽ 1672 സഭകൾ സന്ദർശിച്ചു പ്രസംഗിച്ചിട്ടുണ്ട്. കേരളത്തിൽ കൂടുതലായി പ്രസംഗിച്ചിട്ടുള്ളത് സി.എസ്.ഐ, മാർത്തോമാ സഭകളിലാണ്.

ഓരോ സ്ഥലങ്ങളിലും എന്നെ ക്ഷണിച്ചവർ നടത്തിയവിധം, ശുശ്രൂഷിച്ചവിധം, യാത്രാ ചെലവ് തന്നത് എന്നിവയിൽ സ്ഥലത്തിനു സ്ഥലം വ്യത്യാസമായി അനുഭവപ്പെട്ടു.

പ്രത്യേകമായി ഒരു സംഭവത്തെ ഞാൻ ഓർക്കുന്നു. പഴയ സംഭവങ്ങളെ ഓർക്കുന്നതിൽ ഒരു മാധുര്യം ഉണ്ട്.

1976–ൽ ഒരു വലിയ യോഗത്തിൽ പ്രസംഗിക്കുവാൻ ഞാൻ ക്ഷണിക്കപ്പെട്ടു.

എല്ലാ ക്രമീകരണങ്ങളും വളരെ നന്നായിരുന്നു. യോഗത്തിൽ പങ്കെടുത്ത ജനങ്ങളുടെ എണ്ണം 7000–ത്തോളമാണ്. യോഗം വളരെ അനുഗ്രഹമായിരുന്നു. പരിശുദ്ധാത്മാവ് ശക്തിയായി പ്രവർത്തിച്ചു

യോഗത്തിന്റെ അവസാന രാത്രിയിൽ നന്ദി പ്രകടനം ഉണ്ടായിരുന്നു. എന്നെ ആകാശത്തോളം പുകഴ്ത്തി പറഞ്ഞു. അതിൽ ഞാൻ ഡോക്ടർ ജോലി ഉപേക്ഷിച്ചതിനെ ത്യാഗമായി ചൂണ്ടിപ്പറഞ്ഞു. ആ യോഗത്തിൽ രണ്ടു ബിഷപ്പുമാർ അധ്യക്ഷത വഹിച്ചിരുന്നു. അവസാന ദിവസയോഗത്തിൽ ഭാരവാഹികൾ വഴിപാടിനെയും വരവു ചെലവിനെയും വളരെ ഗൗരവമായി പറഞ്ഞു. കൺവെൻഷന്റെ എല്ലാ ചെലവുകളും കഴിച്ച് ബാക്കി നമ്മുടെ കൈയ്യിൽ 4750 രൂപ ഉണ്ടെന്നു അറിയിച്ചപ്പോൾ ജനങ്ങൾ ധാരാളമായി ദൈവത്തിനു കൊടുക്കുവാൻ തുടങ്ങി എന്നു വിചാരിച്ച് സന്തോഷത്തോടെ ദൈവത്തെ സ്തുതിച്ചു. യോഗം കഴിഞ്ഞ് ആശംസകൾ പറഞ്ഞ് എന്നെ ടാക്സിയിൽ കയറ്റി 20 മൈൽ ദൂരത്തിലുള്ള റെയിൽവെ സ്റ്റേഷനിലേക്കു അയച്ചു. ടാക്സിക്ക് താങ്കൾ പണം കൊടുക്കേണ്ട ഞങ്ങൾ കൊടുത്തു എന്ന് ഭാരവാഹികൾ പറഞ്ഞ് ഒട്ടിച്ച ഒരു കവർ എന്നെ ഏൽപ്പിച്ചു. ഇത് നിങ്ങളുടെ ദൈവവേലക്കും യാത്ര ചെലവിനും വേണ്ടി വെച്ചു കൊള്ളുവാനും പറഞ്ഞ് യാത്രയയച്ചു.

ആ കവർ വലിപ്പമുള്ളതായിരുന്നു അത് എന്നയും ഗൗരവപ്പെടുത്തി. അടുത്ത യോഗത്തിനു പോകുംമുമ്പേ ചില പ്രധാനകാര്യങ്ങൾക്കായി സേലത്തു പോയി മടങ്ങി മറ്റൊരുയോഗ സ്ഥലത്തേക്കു പോകുവാൻ ഞാൻ തീരുമാനിച്ചു. യോഗഭാരവാഹികൾ ഏർപ്പാടു ചെയ്ത ടാക്സി റെയിൽവേ സ്റ്റേഷനിൽ എത്തിയശേഷം തിരിച്ചയച്ചു.

ട്രെയിനിന്റെ കാലതാമസം കാരണം അവിടെ നിന്നും കോയമ്പത്തൂർ വരെ മറ്റൊരു ഷെയർ ടാക്സിയിൽ യാത്ര തിരിച്ചു. കോയമ്പത്തൂർ നിന്നും എക്സ്പ്രസ് ട്രെയിനിൽ സേലം പോകുവാൻ തീരുമാനിച്ചു. ടാക്സി ഡ്രൈവർ ഒരു നിശ്ചിത തുക തന്നെ ആവശ്യപ്പെട്ടു. ഞാൻ അതു സമ്മതിച്ചു

ചില മണിക്കൂറുകൾ കാർ എവിടെയും നിൽക്കാതെ കോയമ്പത്തൂരിനടുത്ത് വന്നു ചേർന്നു. അത് ഒരു ഗ്രാമമായിരുന്നു. ഡ്രൈവർ കാറിനെ ഒരു വശത്തു നിർത്തി. സാർ ഇത് ചെറിയ കടയാണെങ്കിലും ഇവിടത്തെ ചായ നന്നായിരിക്കും എന്നു പറഞ്ഞു. രണ്ടു പേരും ചായ കഴിച്ചിട്ട് പണം ഞാൻ കൊടുക്കാമെന്നു പറഞ്ഞു. എന്റെ പോക്കറ്റിൽ ചില്ലറ ഇല്ലാത്തതുകൊണ്ട് യോഗത്തിൽ തന്ന കവറിനെ പൊട്ടിച്ചു അതിലുണ്ടായിരുന്ന രൂപ എടുക്കേണ്ടി വന്നു.

## കവർ പൊട്ടിക്കപ്പെട്ടു....

വേഗത്തിൽ മറ്റുള്ളവർ കാണാത്ത വിധത്തിൽ കവറിനെ പൊട്ടിച്ചു. കെട്ടായിരുന്ന രൂപ മുഴുവനും ഒറ്റരൂപാനോട്ടുകളായിരുന്നു. അതാണു കവറിന്റെ വലിപ്പത്തിനു കാരണം. ആദ്യമായി മൊത്തം എത്ര രൂപ ഉണ്ടെന്നു എണ്ണി നോക്കുവാൻ ആഗ്രഹിച്ചു. മൊത്തം 80 രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

രണ്ടു ചായക്കു ഒരു രൂപ കൊടുത്തു (അന്നു ഒരു ചായക്കു 30 പൈസ) 40 പൈസ തിരിച്ചു വാങ്ങിച്ചു. ബാക്കി എന്റെ പക്കൽ 79 രൂപ 40 പൈസ ഉണ്ടായിരുന്നു.

ഇതിൽ തുടർച്ചയായി കോയമ്പത്തൂർ വരെ കാറിൽ യാത്ര ചെയ്തതിന് 75 രൂപയാണ് കൊടുക്കേണ്ടത്. എന്നാൽ ആ സ്ഥലത്തിൽ വച്ചുതന്നെ കാറിനു കൊടുക്കേണ്ട 75 രൂപയും കൊടുത്തു കണക്കു തീർത്തു. ഇപ്പോൾ എന്റെ കൈയ്യിൽ 4 രൂപ 40 പൈസയാണ് ഉള്ളത്. കാറിൽ ഇരുന്നു കൊണ്ടു തന്നെ ആലോചിക്കുവാൻ തുടങ്ങി.

ഇനി സേലത്തിലേക്കു എങ്ങനെ പോകും? ആരോട് പണം ചോദിക്കും? എനിക്ക് ഒരു സ്വഭാവം ഉണ്ട്. കൂട്ടുകാരോടൊപ്പം ഹോട്ടലിലേക്കു ചെന്നാൽ ബില്ല് ഞാൻ തന്നെ കൊടുക്കുകയുള്ളൂ. അങ്ങനെ എന്റെ കൈയ്യിൽ പൈസയില്ലെങ്കിൽ ആരു വിളിച്ചാലും ഹോട്ടലിലേക്കു ഞാൻ പോവുകയില്ല.

ഇപ്പോൾ സുവിശേഷവേലയ്ക്ക് വന്ന ശേഷവും  ഈ സ്വഭാവം എന്നെ വിട്ടു പോയിട്ടില്ല.

ഈ സന്ദർഭത്തിൽ ആരോടും പണം ചോദിക്കുവാനും എനിക്കു ഇഷ്ടമുണ്ടായില്ല. മാത്രമല്ല കോയമ്പത്തൂരിൽ എനിക്ക് കൂട്ടുകാരും സഹോദരങ്ങളും ഡോക്ടർമാരും അനേകം ഉണ്ട്.

എന്നാൽ പണത്തിനു വേണ്ടി ആരുടെ വാതിലും മുട്ടുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല.

ആ ആലോചനയിൽ തന്നെ കാർ റെയിൽവേ സ്റ്റേഷനിലേക്കു തിരിക്കുവാൻ പറഞ്ഞു.

കോയമ്പത്തൂർ സ്റ്റേഷനിൽ ഇറങ്ങി ഒരു പ്ലാറ്റ്ഫോം ടിക്കറ്റ് വാങ്ങി അവിടെ ഒരു ബെഞ്ചിൽ ഇരുന്നു. യാത്ര ടിക്കറ്റ് വാങ്ങുവാൻ പണമില്ല. സേലത്തിലേക്കു പോകുവാൻ അന്നത്തെ കാലത്തു ടിക്കറ്റിന്റെ വില 10 രൂപയാണ്. എന്തുചെയ്യും?

സേലത്തിലേക്കു വൈകുന്നേരം വേഗതയുള്ള അഞ്ച് ട്രയിനുകൾ ഉണ്ട്. ആദ്യത്തെ വണ്ടി വന്നു. എഞ്ചിനിൽ നിന്നും ഗാർഡു വാൻ വരെ നടന്നു.

കാരണം എന്റെ വീട് സേലം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനു സമീപത്തിലായിരുന്നതിനാലും എന്റെ അച്ഛൻ റെയിൽവേയിൽ ജോലി ചെയ്തതതു കാരണം എനിക്കു പരിചയമുള്ള ഡ്രൈവർ, ടിക്കറ്റു പരിശോധകർ ഗാർഡുകൾ ആരെങ്കിലും കണ്ടുമുട്ടുകയില്ലേ എന്നു ആകാംക്ഷയോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ആ റെയിൽവേ ജോലിക്കാർ എന്നെ സേലം പ്ലാറ്റ്ഫോറത്തിൽ വച്ച്. കണ്ടാൽ തന്നെ തങ്ങളോടു കൂടെ ട്രെയിനിൽ വരുവാൻ നിർബന്ധിക്കും.

അങ്ങനെ സ്നേഹഭാവത്തിൽ ആരെങ്കിലും ഇന്നു വിളിക്കുമോ എന്ന് ആഗ്രഹത്തോടു കൂടെ ഞാൻ തേടി നടന്നു. എന്നെ ആരും വിളിച്ചിരുന്നില്ല. ആദ്യത്തെ ട്രെയിൻ പോയിക്കഴിഞ്ഞു. അടുത്തതും പോയി ഇനി ഒന്നരമണിക്കൂർ കഴിഞ്ഞ് തന്നെ അടുത്ത വണ്ടി വരികയുള്ളൂ. അതുവരെ ഒരു ബെഞ്ചിൽ ഇരുന്നു. എനിക്കു പ്രാർത്ഥനക്കുവേണ്ടി വന്ന കത്തുകളെല്ലാം ഓരോന്നായി പൊട്ടിച്ചു കൈവച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അതിൽ പൊട്ടിക്കാത്ത അപ്പോഴത്തെ 20 പൈസ ഇൻലണ്ട് കവർ ഉണ്ടായിരുന്നു. മലയാളത്തിൽ എഴുതപ്പെട്ടതുകൊണ്ടും വായിക്കാൻ അറിയാത്തതുകൊണ്ടും വായിക്കാൻ അറിയാവുന്ന ഒരാൾ കിട്ടുന്നതുവരെ പൊട്ടിക്കാതെവയ്ക്കും.

ഇതിൽ ഒരു ഇൻലന്റ് കത്തിൽ നിന്നും മടക്കിയ നിലയിൽ 20 രൂപ നോട്ട് ഒന്നു കണ്ടു. കവറിൽ ചിലർ രൂപ വച്ചു അയക്കുന്നവരുണ്ടല്ലോ. ഇൻലന്റിൽ രൂപവച്ചു അയക്കുവാൻ പറ്റുകയില്ല. അങ്ങനെ വയ്ക്കുന്നത് നിയമവിരുദ്ധമാണ്.

അന്ന് ആ നിലയിൽ ആ രൂപ കണ്ട ഉടനെ വളരെ സന്തോഷം ഉണ്ടായി. ഉടനെ തന്നെ കത്തിന്റെ മുഴുവൻ വിവരവും അറിയുവാൻ വേണ്ടി സ്റ്റേഷനിലെ ഒരു ചായക്കടക്കാരനെ സമീപിച്ചു വായിച്ച് കേൾപ്പിക്കുവാൻ പറഞ്ഞു, അയാൾ വായിച്ചു തീരുവാൻ 20 നിമിഷം വേണ്ടി വന്നു. അതു ഒരു സഹോദരിയുടെ കത്തായിരുന്നു. അതിൽ ഞാൻ അവരുടെ മകൾക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ തന്റെ മകളുടെ രോഗം മാറിയതായും അവളെ ടീച്ചർ ട്രെയിനിംഗിനു തെരഞ്ഞെടുത്തതായും പറഞ്ഞ് 20 രൂപ നന്ദി വഴിപാടായി അയക്കുന്നതായും എഴുതിയിരുന്നു.

ഈ പണത്തിന്റെ വിവരം അറിഞ്ഞ ശേഷം ആ സഹോദരിക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചു. കർത്താവിന് നന്ദിയും പറഞ്ഞു.

കഷ്ടകാലത്ത് നീ വിളിച്ചു. ഞാൻ നിന്നെ വിടുവിച്ചു......മറവിൽ നിന്ന് ഞാൻ നിനക്ക് ഉത്തരമരുളി. (സങ്കീർത്തനം 81:7)

ഉടനെ ഒരു ഹോട്ടലിൽ കയറി തൃപ്തിയായി ഊണു കഴിച്ചശേഷം സന്തോഷത്തോടെ ടിക്കറ്റ് വാങ്ങി ട്രെയിൻ കയറി വീട്ടിൽ എത്തിച്ചേർന്നു.

ചില സ്ഥലങ്ങളിൽ യോഗങ്ങൾ വിളിച്ചു കൂട്ടുന്നത് സഭകൾക്ക് പണം ശേഖരിക്കുന്നതിനു വേണ്ടി മാത്രമാണ്, പ്രശസ്തരായ പ്രസംഗികരെ വിളിക്കുന്നത്. അല്ലാതെ സഭയുടെ മാനസാന്തരത്തിന് വേണ്ടിയല്ല. അവരുടെ ഉദ്ദേശം. ഈ സംഭവം നടന്ന യോഗത്തിലെ ഏർപ്പാടുകളിൽ പന്തൽ, വാൾപോസ്റ്റ്, മൈക്ക്സെറ്റ് എന്നിവയ്ക്ക് ആയിരക്കണക്കിന് രൂപാ ചെലവ് ചെയ്തേക്കാം.

യോഗത്തിൽ സംസാരിക്കുവാൻ വേണ്ടി വരുന്ന ദൈവദാസന്മാർക്ക് മാത്രം ഇങ്ങനെ പിശുക്ക് കാണിക്കുന്നത് ഏതു തരത്തിൽ ഉത്തമമാകും.

സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്തിൽ ഉപജീവിക്കണമെന്ന് കൽപിച്ചിരിക്കുന്നു. (1 കൊരി 9:14)

നാം ദൈവവേലക്കാരെ ബഹുമാനിക്കുവാൻ പഠിക്കണം. നമ്മുടെ യേശു കർത്താവും തന്റെ ദാസന്മാരെ അനുഗ്രഹിച്ച് പറയുമ്പോൾ നിങ്ങളെ സ്വീകരിക്കുന്നവർ എന്നെയും സ്വീകരിക്കുന്നു എന്ന് പറഞ്ഞു.

ശിഷ്യൻ എന്നുവെച്ച് കൊടുക്കുന്നവന് പ്രതിഫലം കിട്ടാതെ പോവുകയില്ല എന്ന് പറഞ്ഞു. (മത്തായി 10:42) വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥി സൽക്കാരം ആചരിക്കുകയും ചെയ്യുവിൻ. (റോമർ 12:13).

വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ഓഹരി കൊടുക്കേണം. (ഗലാത്യർ 6:6) ഈ സംഭവം ഏത് സ്ഥലത്ത് ഏത് സഭയിൽ നടന്നുവെന്ന് അറിയുവാൻ നിങ്ങൾക്ക് ആഗ്രഹം കാണും എന്ന് എനിക്കറിയാം.

സ്ഥലം ഏതായാലും പേരു പറയാൻ പാടില്ല എന്ന ഒരു പഴഞ്ചൊല്ലുണ്ട്. എന്നാൽ ഞാൻ സ്ഥലവും പേരും പറയുകയില്ല അതല്ല ഇവിടെ പ്രധാനം.

ഇങ്ങനെ പല അനുഭവങ്ങൾ ഉണ്ട്. ഈ ഒരു സംഭവം മാത്രം ഇപ്പോൾ സൂചിപ്പിച്ചു എന്നു മാത്രം. എന്നാൽ ഇപ്പോൾ എല്ലാ യാത്രയിലും പോകാനും വരാനും പണം കൈയ്യിൽ കരുതിക്കൊള്ളുന്നു. അതുകൊണ്ട് ഭയപ്പെടാതെ യാത്ര ചെയ്യുന്നു. ഈ സംഭവത്തിനുശേഷം വീണ്ടും ഒരു പ്രാവശ്യം കൂടി അതേ സ്ഥലത്ത് എന്നെ പ്രസംഗിക്കാൻ ക്ഷണിച്ചിരുന്നു. ഞാൻ സമ്മതിച്ചു. യോഗത്തിൽ പരോക്ഷമായിപ്പോലും പഴയ പണത്തിന്റെ കാര്യം ഞാൻ സൂചിപ്പിച്ചില്ല. അങ്ങനെ ചെയ്യരുതെന്ന് കർത്താവ് എന്നോട് വെളിപ്പെടുത്തിയിരുന്നു.

ആ സ്ഥലത്ത് ഈ പ്രാവശ്യവും അതുതന്നെ സംഭവിച്ചു. ആദ്യത്തെ പ്രാവശ്യം തന്നെ തന്നു. എന്നാൽ ഞാൻ ടാക്സിയിൽ കയറാതെ ട്രെയിനിൽ തന്നെ യാത്ര ചെയ്ത് വീട്ടിൽ എത്തി.

സുവിശേഷവേല എന്നത് ഒരു ജീവിത മാർഗ്ഗമല്ല, ഒരു വിളി എന്ന് ഞാൻ എപ്പോഴും ഓർക്കും.

ഇത് എഴുതുന്നതുകൊണ്ട് പരോക്ഷമായി ഞാൻ പണം ചോദിക്കുകയാണെന്ന് നിങ്ങൾ തെറ്റിദ്ധരിക്കരുത്. പണവിഷയത്തിൽ ഞാൻ ഏതു തരക്കാരനാണെന്ന് ജാമക്കാരൻ വായനക്കാർക്ക് അറിയാം. ദൈവം എന്നെ നല്ല വിധത്തിൽ കുറവില്ലാതെ നടത്തുന്നു. ഇതുവരെ എനിക്ക് സാമ്പത്തിക വിഷയത്തിൽ കുറവുണ്ടായിട്ടില്ല.

**കുറിപ്പ് : –** എവിടെയായിരുന്നാലും സാമ്പത്തികലാഭം പ്രതീക്ഷിച്ച് ഞാൻ ഒരിടത്തും പോകാറില്ല. വിദേശത്തായാലും പണപ്പിരിവിനായി ഞാനൊരിടത്തും പോകാറില്ല. എന്റെ വിമാനയാത്രകൂലിയും മറ്റു ചിലവുകൾക്കും ക്ഷണിക്കുന്നവർ തന്നെ ചുമതല ഏറ്റെടുക്കുന്നു. അതു മാത്രമല്ല, എനിയ്ക്ക് സ്വന്തമായി സഭയോ സ്ഥാപനങ്ങളോ ഇല്ല. ഞാൻ സി.എസ്.ഐ സഭയിലെ ഒരു സാധാരണ അംഗമാണ്. എന്നെ ക്ഷണിക്കുന്ന സ്ഥലങ്ങളിൽ ദൈവവചനം സംസാരിച്ചിട്ട് മടങ്ങിവരും. എന്റെ രണ്ടുമക്കളും നല്ല നിലയിൽ ജീവിക്കുന്നു. എന്റെ ഭാര്യയുടെ ഗവൺമെന്റ് പെൻഷൻ ഞങ്ങൾ രണ്ടുപേർക്കും ധാരാളമാണ്. മറ്റ് വേലക്കാരെ ക്ഷണിക്കുന്ന യോഗങ്ങളിൽ ഇതുപോലെയുള്ള അനുഭവങ്ങൾ ക്ഷണിക്കുന്നവർ ദയവായി ഉണ്ടാക്കുവാൻ പാടില്ല എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

# തിരിഞ്ഞുനോട്ടം – 3

## യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ (യിരെമ്യാവ് 48:10)

പല വർഷങ്ങൾക്ക് മുമ്പ് ദൈവവേലയിൽ അനുഭവമുള്ള വലിയ പ്രാസംഗികരോട് അടുത്ത് ഇടപഴകുവാനുള്ള അവസരം എനിയ്ക്ക് ലഭിച്ചു.

ദൈവത്തോട് അടുത്ത് ജീവിക്കുന്ന അവരുടെ വേലയിൽ ചില ഭയങ്കരമായ ബലഹീനതകൾ

എന്റെ മനസ്സിനെ അധികമായി വേദനിപ്പിച്ചിട്ടുണ്ട്.

അതിൽ ഒന്ന്: പ്രസംഗിക്കുവാൻ വരാമെന്ന് സമ്മതിച്ച സ്ഥലത്തിലേക്ക് അവസാനനിമിഷം വരുവാൻ സാധിക്കുകയില്ല എന്ന് അറിയിക്കുന്നത്.

ചില സന്ദർഭങ്ങളിൽ അങ്ങനെ സംഭവിക്കാം. എന്നാൽ അത് തുടർച്ചയാക്കിയാൽ അത് വെറുപ്പിന് കാരണമായിത്തീരും.

ഇങ്ങനെ സംഭവിക്കുന്നതിന് കാരണം ഏത് സ്ഥലത്ത് വരാമെന്ന് സമ്മതിച്ചോ ആ സ്ഥലത്തെ യോഗത്തിനുവേണ്ടി നമ്മെ ഓരോ ദിവസവും പ്രാർത്ഥനയിൽ ഒരുങ്ങാതെ അവസാനനിമിഷം അതിനെപ്പററി ചിന്തിക്കുന്നതാണ്.

മാത്രമല്ല, യോഗങ്ങൾ നടത്തപ്പെടുന്ന സ്ഥലം, എത്തിച്ചേരുന്ന ആളുകളുടെ എണ്ണം, ക്ഷണിച്ചവരുടെ പാപ്പരത്വം എന്നീ കാര്യങ്ങളെ പ്രതീക്ഷിച്ച് പോകുന്നവർക്കാണ് ഇത്തരം അലക്ഷ്യമായ മനക്കരുത്ത് ഉണ്ടാകുന്നത്.

ഞാൻ 1964–ൽ തന്നെ സുവിശേഷ വേലയ്ക്കായി ഇറങ്ങി. അപ്പോൾ മൂന്ന് സ്ഥലങ്ങളിലുള്ള ആശുപത്രികളിൽ എനിക്ക് ചുമതല നിർവ്വഹിക്കേണ്ടതുണ്ടായിരുന്നു.

അന്ന് സ്വന്തമായി മൂന്ന് സ്ഥലങ്ങളിലുള്ള ആശുപത്രി നടത്തിക്കൊണ്ട് തന്നെ ഓരോ മാസം ഇന്ത്യയിലെ പല സ്ഥലങ്ങളിലേക്ക് ചെന്ന് യോഗങ്ങൾ നടത്തി സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു.

എന്നാൽ ഒരു സ്ഥലത്തും സുവിശേഷവേലയ്ക്കും ഗ്രാമസുവിശേഷ വേലക്കും കൃത്യമായി പോകാതിരുന്നിട്ടില്ല.

സുഖമില്ലാതേയോ കിടപ്പിലായോ അല്ലെങ്കിൽ താമസിച്ചുപോയോ ഒരു സ്ഥലത്തും സുവിശേഷവേല തടസ്സമായിട്ടില്ല. ഇത് എന്റെ സാമർത്ഥ്യത്താലോ കഴിവുകൊണ്ടോ അല്ല. വെറും ദൈവകൃപകൊണ്ടുമാത്രം. മാത്രമല്ല ദൈവവേലയിൽ എനിക്കുള്ള വാഞ്ചയും ഭാരവും മറ്റൊരു കാരണമാണ്. അതുകൊണ്ടുതന്നെ കർത്താവും എന്നെ ഈ നിലയിൽ ഉയർത്തിയും ഇരിക്കുന്നു. കർത്താവിന് സ്തോത്രം.

## എന്നെ മാനിക്കുന്നവനെ ഞാനും മാനിക്കും. എന്നെ നിന്ദിക്കുന്നവൻ നിന്ദിതരാകും. 1 ശമുവേൽ 2:30

**പുതിയ അനുഭവം....**

കേരളത്തിലുള്ള മണിമുളിയിൽ പല വർഷങ്ങൾക്ക് മുൻപ് എന്റെ സുവിശേഷവേല നടന്നുകൊണ്ടിരുന്നു.

അന്ന് അവസാന ദിവസം രാത്രി സഭാശുശ്രൂഷകൻ കൈകൾ കൂട്ടിതിരുമ്മി വിഷമിച്ചുകൊണ്ട് നിന്നു.

യോഗം കഴിഞ്ഞയുടനെ കേരളത്തിൽ 400 മൈൽ ദൂരത്തുള്ള മറ്റൊരിടത്തിൽ പിറ്റെ ദിവസം ഉച്ചക്ക് യോഗത്തിനു വേണ്ടി എത്തിച്ചേരേണ്ടതുണ്ട്.

അതിനുവേണ്ടി യാത്ര സൗകര്യങ്ങളെല്ലാം ചെയ്തു കഴിഞ്ഞിരുന്നു. എന്നാൽ ഇപ്പോഴത്തെ അവിടത്തെ പരിതസ്ഥിതിയിൽ വളരെ മാറ്റുമുണ്ടായിരുന്നു. അതായത് ട്രാൻസ്പോർട്ട് ജീവനക്കാരെല്ലാം സമരത്തിലാണ്. എനിക്ക് റിസർവ് ചെയ്ത ബസ് ടിക്കറ്റ് പ്രയോജനമില്ലാതെയായി.

സമരക്കാർ ഏത് വാഹനം കണ്ടാലും കല്ലെറിയുന്നു. അതുകൊണ്ട് സ്വന്തം കാറുള്ളവർ പോലും തങ്ങളുടെ കാറിൽ മറ്റൊരു യോഗസ്ഥലത്തേക്ക് എന്നെ കൊണ്ടുപോകുവാൻ മടിച്ചു.

എങ്ങനെയും പിറ്റെ ദിവസം ഉച്ചക്കു യോഗത്തിനു 400 മൈൽ അകലെയുള്ള ആ സ്ഥലത്തിലേക്കു പോയി ചേരേണ്ടതുണ്ട്.

ഏതെങ്കിലും ലോറിയിൽ കയറിയെങ്കിലും എന്നെ തിരിച്ച് അയക്കാമെന്നും അച്ചന്മാർ കരുതി. എന്നാൽ ഒരു ലോറി പോലും വന്നില്ല.

അപ്പോൾ തമിഴ്നാട്ടിൽ നിന്നും മുളകൾ കയറ്റിയ ഒരു ലോറി കേരളത്തിൽ നടക്കുന്ന സമരവിവരമറിയാതെ വന്നുകൊണ്ടിരുന്നു. സഭ അച്ചന്മാർ കുപ്പായത്തോടു കൂടെ നിന്നു കൈ കാട്ടിയതുകൊണ്ടു ഉടനെ ഡ്രൈവർ വണ്ടി നിർത്തി. അച്ചൻ ഡ്രൈവറോട് എന്നെപറ്റി വിവരങ്ങളെല്ലാം പറഞ്ഞറിയിച്ചു. അതിൽ കയറ്റി എന്നെ അയച്ചു.

എങ്ങനെയോ അവരുടെ കടമ കഴിഞ്ഞു. പിന്നത്തെ എന്റെ അനുഭവം ഞാനല്ലേ അറിയൂ. ഒരു മണിക്കൂർ നേരം ലോറി എവിടെയും നിൽക്കാതെ ഓടിക്കൊണ്ടിരുന്നു. വഴിയിൽ ചെറുചെറു കൂട്ടം ആളുകൾ ഞങ്ങളുടെ ലോറിയെക്കണ്ടു ശബ്ദമുയർത്തിക്കൊണ്ടിരുന്നു.

പെരിന്തൽമണ്ണ എന്ന സ്ഥലത്തെത്തിയപ്പോൾ ജനങ്ങൾ ലോറിയെ തടഞ്ഞു നിർത്തി ചുറ്റിലും വളഞ്ഞു നിന്നിരുന്നു.

വേറെ പോംവഴിയില്ലാതെ ഡ്രൈവർ വണ്ടിനിർത്തി എന്നോട് ഇറങ്ങുവാൻ പറഞ്ഞു. ഞാനും ഇറങ്ങി. ഡ്രൈവർ ലോറിയെ ഒരു വശത്തു ചേർത്തു നിർത്തി. സമരം തീരുന്നതുവരെ താൻ അവിടെ തന്നെ താമസിക്കുവാൻ പോകുന്നതായും എന്നോട് ബസ് സ്റ്റാന്റിലേക്കു പോകുവാനും ആവശ്യപ്പെട്ടു.

അവിടെ ഏതെങ്കിലും ടാക്സി കിട്ടുമോ എന്ന് ഞാൻ അന്വേഷിച്ചു. ആരും വരികയില്ല. അതുകൊണ്ടു അവിടെ ഏതെങ്കിലും ഒരു ലോഡ്ജിൽ അന്നു താമസിച്ചിട്ട് പോകുവാൻ അവിടത്തെ ജനങ്ങൾ അഭിപ്രായങ്ങൾ പറഞ്ഞു.

അടുത്ത ദിവസം ഉച്ചക്കു അടുത്ത സ്ഥലത്ത് യോഗത്തിനു ചെന്നു ചേരണം. പിന്നെ എങ്ങനെ അവിടെ താമസിക്കും.

അപ്പോൾ 40–ാമത്തെ മൈലിൽ റെയിൽവേ സ്റ്റേഷൻ ഉണ്ടെന്നും ട്രെയിനുകൾ മാത്രം ഓടുന്നുണ്ടെന്നും മനസ്സിലാക്കി.

അവിടം വരെ ആ 40 മൈൽ ദൂരവും നടന്നുപോകുവാൻ ഞാൻ തീരുമാനിച്ചു. പലരും എന്നെ തടുത്തു. എന്നാൽ ഞാൻ പെട്ടിയുമെടുത്തുകൊണ്ട് രാത്രി 12.10 ന് നടക്കുവാൻ തുടങ്ങി. എന്റെ കൂടെ ആരും വന്നില്ല.

ഒരു മണിക്കൂർ നേരം ടാറിട്ട റോഡിൽക്കൂടി നടന്നുകൊണ്ടിരുന്നു. തൊണ്ടയിൽ വരൾച്ച തുടങ്ങിയിരുന്നു. ആ ഇരുട്ടിൽ ആരോട് വെള്ളം ചോദിക്കും.

വഴിയിൽ കൊച്ചു ഗ്രാമങ്ങളെ കണ്ടുമുട്ടി. ഒരു സ്ഥലത്തും വീടോ കടകളോ തുറന്നിരുന്നില്ല. പിന്നെയും നടന്നുകൊണ്ടേയിരുന്നു. അപ്പോൾ ആൾസഞ്ചാരമുള്ള സമയമായിരുന്നില്ല. എനിക്ക് ഭയം തോന്നുമ്പോഴെല്ലാം ദൈവത്തെ സ്തുതിച്ച് ശബ്ദമുയർത്തി പാടും. ശബ്ദമുയർത്തി പാടിയിട്ടും ഒരു ഗ്രാമത്തിൽ പോലും ആരും കതകു തുറന്നിട്ടില്ല. ഇടയിൽ കാടുകളിലൂടെയും നടന്നുകൊണ്ടേയിരുന്നു.

**പോലീസ് വാൻ.....**

അപ്പോൾ ഒന്നിനു പുറകിൽ ഒന്നായി പോലീസ് ജീപ്പുകൾ എന്നെ കടന്നുപൊയ്ക്കൊണ്ടിരുന്നു. 4 ജീപ്പുകൾ പോയിക്കഴിഞ്ഞ് 5–ാമത്തെ പോലീസ് വാൻ എന്നെ കടന്നുപോയെങ്കിലും പെട്ടെന്നു നിർത്തി പുറകോട്ട് തന്നെ വന്നു എന്റെ അടുത്തു നിന്നു. വണ്ടിയുടെ ഹെഡ്ലൈറ്റ് രണ്ടും എന്റെ മേൽ നല്ലവണ്ണം കാണത്തക്കവണ്ണം നിർത്തി. മുൻവശത്തു നിന്നും ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇറങ്ങി. എന്റെ അടുത്തുവന്നു എന്നോട്: നീ ആരാണ്, എവിടേയ്ക്ക് പോകുന്നു, നിന്നെ കണ്ടാൽ എനിക്ക് സംശയമുണ്ട്. നിന്റെ പെട്ടിയെ പരിശോധിക്കണം എന്നു പറഞ്ഞു. ഭയങ്കരമായ ഇരുട്ടിൽ പാന്റും ഷർട്ടും ധരിച്ച് ടിപ്പായി ഒരു പെട്ടിയും പിടിച്ച് ഞാൻ നിൽക്കുന്നത് അദ്ദേഹത്തിന്റെ സംശയം പതിൻമടങ്ങ് വർദ്ധിപ്പിച്ചു. അവർ ആവശ്യപ്പെട്ടതിനുസരിച്ച് ഞാൻ പെട്ടി തുറന്നു കാണിച്ചു. ഓരോ ഷർട്ടും കുടഞ്ഞുനോക്കി. അപ്പോൾ എന്റെ പെട്ടിയിൽ ഒരു ജാമക്കാരൻ മാസിക ഉണ്ടായിരുന്നു. അതിൽ എന്റെ പേര്, സുവിശേഷവേലയെപ്പറ്റിയുള്ള പ്രോഗ്രാം വിവരങ്ങളും, അഡ്രസും എഴുതിയിരുന്നു.

ഉടനെ അതിനെ അദ്ദേഹത്തെ കാണിച്ചു. ഞാൻ പോകേണ്ട സ്ഥലത്തെയും സമയത്തെയും അറിയിച്ചു. ഈ അത്യാവശ്യ കാര്യംകൊണ്ടും സമയത്തിന് എത്തിച്ചേരാൻ വേണ്ടിയുമാണ് ഞാൻ നടന്നുപോകുവാൻ തീരുമാനിച്ചതെന്ന് വിവരിച്ചു പറഞ്ഞു.

അദ്ദേഹം അത് വിശ്വസിച്ചു. എങ്കിലും ഇതുവരെ ആരും ഇങ്ങനെ ഒറ്റക്കു പോയിട്ടില്ല. ഇനി എന്താണ് ഉദ്ദേശം എന്നു ചോദിച്ചു.

എങ്ങനെയെങ്കിലും ട്രെയിൻ കയറി അടുത്ത ദിവസത്തെ യോഗത്തിനു എത്തി ചേരണം എന്നു പറഞ്ഞു. അതിനു അയാൾ: നിങ്ങൾക്ക് ഭ്രാന്ത് വല്ലതും ഉണ്ടോ? റെയിൽവേ സ്റ്റേഷൻ ഇവിടെ നിന്നും 33 മൈൽ അകലെയാണ്. എങ്ങനെ പോകും? ശരി എന്റെ വണ്ടിയിൽ കയറിക്കോ എന്നു പറഞ്ഞു. പോലീസ് വാനിന്റെ പുറകുവശത്തെ വാതിൽ തുറന്നു കയറുവാൻ പറഞ്ഞു.

അകത്ത് തടവുകാർ കൈകൾ ബന്ധിക്കപ്പെട്ടവരായി വരിവരിയായി സ്ഥലം ഇല്ലാതെ തിങ്ങി ഇരുന്നിരുന്നു. രണ്ടുപേരെ നീക്കിയിരുത്തിയിട്ട് ഇടയ്ക്ക് എന്നോട് ഇരിക്കുവാൻ പറഞ്ഞു.

വണ്ടി പുറപ്പെട്ടു. തടവുകാർ ഉറങ്ങി എന്റെ മേലെ വീഴാൻ തുടങ്ങി. എന്റെ അവസ്ഥയെക്കുറിച്ച് ഞാൻ ആലോചിച്ചു. എന്നെ ഈ പോലീസുകാർ എന്തു ചെയ്യുമെന്നു അറിയില്ല. എങ്ങനെയും യോഗത്തിനു തടസ്സം ഉണ്ടാകരുതേ എന്നു മാത്രം പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഏകദേശം മൂന്നു മണിക്കൂർ നേരം വണ്ടി ഓടിക്കൊണ്ടിരുന്നു. അവരോട് സംസാരിക്കുവാൻ ആഗ്രഹിച്ചു. വണ്ടിക്കകത്ത് ലൈറ്റ് ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഒരാളുടെ മുഖം മറ്റൊരാൾക്കു കാണുവാൻ കഴിയുന്നില്ല. ഞാനും മൗനമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

നേരം വെളുത്തു. വണ്ടി എവിടെയോ ഒരു സ്ഥലത്തു നിന്നു. കുറച്ചു നേരം മൗനം. ഉള്ളിലിരുന്നവർ അത് ഏതു സ്ഥലമെന്നറിയുവാൻ വേണ്ടി കമ്പിവലയുള്ള ജനാലവഴി പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു.

**റൊട്ടിയും ചായയും.....**

അൽപ്പസമയത്തിനു ശേഷം വണ്ടിയുടെ വാതിൽ തുറക്കപ്പെട്ടു. രണ്ടു മൂന്നു പോലീസുകാർ വണ്ടിയിലുള്ള എല്ലാവർക്കും റൊട്ടിയും ചായയും കൊടുത്തു. ഇരുട്ടിൽ എന്റെ കൈയ്യിലും ഒരു

റൊട്ടിയും ചായയും എത്തി. വളരെ ദൂരം നടന്നതുകൊണ്ടും ക്ഷീണവും വിശപ്പും ദാഹവും കൊണ്ടു പല്ലുകൂടി തേയ്ക്കാതെ തിന്നുവാൻ എന്നെ പ്രേരിപ്പിച്ചു. ആ ഭക്ഷണം എന്നെ വളരെ ആശ്വസിപ്പിച്ചു.

വീണ്ടും വണ്ടി പുറപ്പെട്ടു. നേരം നല്ലപോലെ വെളുത്തു ഏകദേശം 7.30 മണിയായപ്പോൾ വണ്ടി ഏതോ ഒരു കെട്ടിടത്തിന്റെ ഉള്ളിൽ കടക്കുവാൻ തുടങ്ങുകയായിരുന്നു.

ആ കെട്ടിടത്തിൽ വളഞ്ഞ ഒരു ബോർഡ് മലയാളത്തിൽ എഴുതപ്പെട്ടിരുന്നു. വണ്ടിയുടെ അകത്തുണ്ടായിരുന്നവർ അതു വായിച്ചു. എറണാകുളത്തിലുള്ള ഒരു പോലീസ് സ്റ്റേഷൻ എത്തിക്കഴിഞ്ഞു എന്നു പറഞ്ഞു.

അപ്പോഴാണ് എന്റെ അടുത്തിരുന്ന ഒരാൾ എന്നോട്: നിന്റെ കേസെന്താണെന്നു ചോദിച്ചത്. ഞാൻ ഉത്തരം പറയും മുമ്പെ വണ്ടിയുടെ വാതിൽ തുറക്കപ്പെട്ടു.

വെളിയിൽ പോലീസുകാർ വരിയായി നിന്ന് കുറ്റവാളികളെ ഇറക്കി എണ്ണി പോലീസ് ലോക്കപ്പിനുള്ളിൽ തള്ളിക്കൊണ്ടിരുന്നു. വരിയായി ഞാനും ഇറങ്ങി.

എന്നെ അവർ തള്ളിയില്ല. അവൻ എന്നെ പിടിച്ചു തള്ളുന്നതിനു മുമ്പ് ഞാൻ തന്നെ പോകുവാൻ നിശ്ചയിച്ചു ഭയന്ന് ചുറ്റുപാടും നോക്കി.

അപ്പോൾ –

സ്റ്റേഷന്റെ ഉള്ളിൽ നിന്നും സർക്കിൾ ഇൻസ്പെക്ടർ ഒരാൾ പുറത്തു വന്നു.

അവിടെ വിഷമിച്ചുകൊണ്ട് പതുക്കെ വന്നുകൊണ്ടിരുന്ന എന്നെ കണ്ടു –

നിങ്ങൾ ആരാണ്? ഈ വാനിൽ വന്നതാണോ എന്ന് ചോദിച്ചു. അതെ. വഴിക്കുവെച്ച് കണ്ട എന്നെ വണ്ടിയിൽ വന്ന ഒരു ഇൻസ്പെക്ടർ വാനിൽ കയറുവാൻ പറഞ്ഞു. ഞാൻ കയറി ഇപ്പോൾ അകത്ത് പോകണോ പുറത്ത് പോകണോ എന്നറിയാതെ നിൽക്കുകയാണ് എന്ന് പറഞ്ഞു. പെട്ടെന്ന് ആ സർക്കിൾ ഇൻസ്പെക്ടർ നിങ്ങളുടെ പേര് എന്താണ്? താങ്കളെ എവിടെയോ കണ്ടതായി ഓർക്കുന്നു എന്ന് പറഞ്ഞു. ഞാൻ എന്റെ പേര് പറഞ്ഞു. ഉടനെ നിങ്ങളല്ലേ യോഗങ്ങളിൽ പ്രസംഗിക്കുന്നത് എന്ന് അഭിമാനത്തോടു കൂടെ ചോദിച്ചു. നിങ്ങൾ എങ്ങനെ ഇവരുടെ കൂടെ വന്നു എന്നും ചോദിച്ചു. ഞാൻ അദ്ദേഹത്തോട് മുഴുവൻ വിവരങ്ങളും പറഞ്ഞു.

ഉടനെ അദ്ദേഹം സർ, നിങ്ങളുടെ യോഗത്തിൽ പങ്കെടുത്ത എന്റെ മകൾക്ക് പരിപൂർണ്ണ സൗഖ്യം ലഭിച്ചു. അവസാന ദിവസത്തെ യോഗത്തിന് തലയിൽ കൈവച്ച് പ്രാർത്ഥിച്ചതായി എന്റെ വീട്ടുകാർ പറഞ്ഞു.

എന്റെ മകനും താങ്കളുടെ യോഗത്തിലാണ് മാനസാന്തരപ്പെട്ടത്. താങ്കളുടെ യോഗം കേരളത്തിൽ എവിടെ നടന്നാലും എന്റെ വീട്ടിൽ നിന്ന് എന്നെ ഒഴിച്ച് മറ്റെല്ലാവരും പങ്കെടുക്കും എന്ന് പറഞ്ഞു. നിങ്ങളുടെ മാസിക ഞങ്ങൾക്കും വരുന്നുണ്ട്. അതിൽ ഡിസംബർ മാസം ക്രിസ്മസ് മാസികയിൽ താങ്കളുടെ ഫോട്ടോ ഞാൻ കണ്ടിട്ടുണ്ട്. എന്റെ പോലീസ് ഉദ്യോഗം കാരണം എനിക്കു മാത്രം പങ്കെടുക്കുവാൻ ആഗ്രഹം ഉണ്ടായിട്ടും ഒരിക്കൽ പോലും സന്ദർഭം കിട്ടിയില്ല എന്ന് പറഞ്ഞ് സ്റ്റേഷന്റെ അകത്ത് കൂട്ടിക്കൊണ്ടുപോയി.

ഇപ്പോൾ ആ വാനിൽ വന്ന പോലീസ് അധികാരി അധികാരഭാവം മാറ്റി എന്റെ കൈപിടിച്ച് എന്നോട് വിനയത്തോടെ സംസാരിച്ചു. പിന്നീട് ഇൻസ്പെക്ടർ എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് വിളിച്ചു. താങ്കൾ വന്നത് അറിഞ്ഞാൽ എന്റെ വീട്ടുകാർ വളരെ സന്തോഷിക്കും എന്ന് പറഞ്ഞു.

ഞാനോ ഉടനെ യോഗത്തിനു പോകുവാൻ ധൃതി കൂട്ടി. അദ്ദേഹം എന്നോട് നിങ്ങൾ പോയി വിശ്രമിക്കൂ. കോട്ടയം വരെയും ഞങ്ങളുടെ ജീപ്പ് പോകുന്നുണ്ട്. അതിൽ നിങ്ങളെ അയക്കാം.

അവിടെ നിന്നും താങ്കൾ പോകേണ്ട സ്ഥലത്തിലേക്കു ബസ്സിൽ പോകാമെന്നു പറഞ്ഞു. രാജോചിത സ്വീകരണം ആ വീട്ടിൽ നടന്നു. ശരീരക്ഷീണം തീരുംവരെ നന്നായി കുളിച്ചു. ഊണ് റെഡിയാകുന്നതുവരെ വിശ്രമിക്കുവാൻ പറഞ്ഞു.

രാത്രിയിലെ ക്ഷീണം, ഉറക്കമില്ലായ്മ ഇവയെല്ലാം നിമിത്തം ഞാൻ നന്നായി ഉറങ്ങി. പോലീസുകാരുടെ വീടല്ലേ അതുകൊണ്ടു ഭയമില്ലാതെ ഉറങ്ങി.

ഭക്ഷണസമയമായി. എന്റെ കൂടെ ചേർന്ന് ഊണു കഴിക്കുവാൻ ആഗ്രഹിച്ചിരുന്ന അധികാരി പെട്ടെന്ന് ഉയർന്ന ഉദ്യോഗസ്ഥൻ വന്നതുകൊണ്ടും എവിടെയോ ബഹളം നടന്നതുകൊണ്ടും അവരുടെ കൂടെ ഉടനെ പുറപ്പെട്ടുപോയി.

ഇങ്ങനെ തന്നെ യോഗങ്ങൾക്ക് പങ്കെടുക്കുവാൻ ആഗ്രഹത്തോടെ ഇരിക്കുമ്പോൾ ഏതെങ്കിലും ഒരു ജോലിക്കായി ഉടനെ പോയ്ക്കളയും എന്ന് ആ ഉദ്യോഗസ്ഥന്റെ ഭാര്യ വെറുപ്പോടെ പറഞ്ഞു.

ഭക്ഷണം കഴിച്ചയുടൻ തന്നെ ജീപ്പ് വന്നു. അതിൽ തോക്കുധാരികളായ കോൺസ്റ്റബിൾമാരും ഒരു സബ്ഇൻസ്പെക്ടറും ഉണ്ടായിരുന്നു. എന്റെ പെട്ടിയെ ഒരു പോലീസ് കോൺസ്റ്റബിൾ കൈയ്യിൽ എടുത്തു. ഞാൻ ജീപ്പിൽ കയറുവാൻ അരികിൽ വന്നയുടനെ സബ് ഇൻസ്പെക്ടർ മുന്നിൽ നിന്ന് ഇറങ്ങി പുറകിൽ കയറിയിരുന്നു. മുൻസീറ്റിൽ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്ഥലം ഉള്ളപ്പോൾ എന്തിനാണ് പുറകിൽ പോയി ഇരിക്കുന്നത് ഇവിടെ വന്ന് ഇരിക്കുവാൻ വേണ്ടി ഞാൻ വിളിച്ചു.

എന്നാൽ അദ്ദേഹം വന്നില്ല. സർക്കിൾ ഇൻസ്പെക്ടർ താങ്കളെ മാത്രം മുന്നിൽ ഇരുത്തുവാനും ബഹുമാനത്തോടെ കൊണ്ടുപോകുവാനും ഞങ്ങളോട് പറഞ്ഞിട്ടുണ്ട് എന്ന് പറഞ്ഞു.

അപ്പോൾ തടവുകാരനെ പോലെ ഞാൻ പെരുന്തൽമണ്ണയിൽ നിന്ന് വരുമ്പോൾ ഉണ്ടായ അപമാനത്തെ ദൈവം അത് മാറ്റി ഉയർച്ചയാക്കിയതായി ഞാൻ മനസ്സിലാക്കി.

ജീപ്പ് കോട്ടയം ബസ്സ്റ്റാന്റ് കഴിഞ്ഞ് പോയ്ക്കൊണ്ടിരുന്നു. എന്നെ ഇവിടെ തന്നെ ഇറക്കിയാൽ ബസ്സിൽ കയറി പോകാം എന്ന് ഞാൻ പറഞ്ഞു. എന്നാൽ വണ്ടി ഓടിച്ച പോലീസുകാരൻ ഇപ്രകാരം പറഞ്ഞു. താങ്കൾക്ക് എവിടെവരെ പോകണോ അവിടം വരെ കൊണ്ടുവിട്ടശേഷം ബാക്കി കാര്യങ്ങൾ നോക്കിയാൽ മതിയെന്ന് സർക്കിൾ ഇൻസ്പെക്ടർ പ്രത്യേകം പറഞ്ഞു എന്ന് പറഞ്ഞു.

അപ്പോൾ സമയം പകൽ 2.30. യോഗസ്ഥലത്ത് വേദപഠനം നടന്നുകൊണ്ടിരുന്ന സ്ഥലത്തിൽ എത്തിച്ചേർന്നു. ജനങ്ങൾ കൈകൊട്ടി പാട്ടുപാടിക്കൊണ്ട് എന്റെ വരവിനായി സഭാപ്രവർത്തകരും കാത്തുക്കൊണ്ടിരിക്കുകയായിരുന്നു.

ജീപ്പ് അവരുടെ അടുത്തു വന്നു നിന്നു. ആദ്യം സബ്ഇൻസ്പെക്ടറും പോലീസുകാരും ഇറങ്ങി തങ്ങളുടെ തോക്കുകളുമായി സല്യൂട്ടടിച്ചു. ഞാൻ ഒരു മന്ത്രിയെപ്പോലെ പതുക്കെ ഇറങ്ങി. സ്വീകരിക്കുവാൻ വന്ന എല്ലാവരും ആശ്ചര്യത്തോടുകൂടെ നോക്കി നിൽക്കെ പോലീസ് കാവലോടുകൂടെ ക്രിസ്തുവിന്റെ മന്ത്രിയായി പന്തലിലേക്കു ഗമയോടുകൂടി പ്രവേശിച്ചു.

സംരക്ഷണം! സ്വീകരണം! വഴിനടത്തൽ! കണ്ടോ!

സ്നേഹമുള്ളവരേ, നാം ദൈവത്തിന്റെ വേലയിൽ കാണിക്കുന്ന കരുതൽ വെറുതെയാവുകയില്ല.

തന്റെ ദാസനെ തന്റെ കൺമണിപോലെ സംരക്ഷിക്കുന്ന ദൈവം ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്.

നീ പോകുന്ന വഴിയിലെല്ലാം നിന്റെ ദൈവമായ യഹോവ നിന്റെ കൂടെ ഉണ്ടായിരിക്കും. (യോശുവ 1:9)

വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥി സൽക്കാരം ആചരിക്കുകയും ചെയ്യുവിൻ. (റോമർ 12:13).

---

# സി.എസ്.ഐ മലബാർ ഡയോസിസ് ബിഷപ്പ് തെരഞ്ഞെടുപ്പ്

കേരള സ്റ്റേറ്റിൽ നോർത്ത് കേരള സി.എസ്.ഐ ഡയോസിസ് എന്നുള്ളത് രണ്ടു ഡയോസിസായി സി.എസ്.ഐ സിനഡ് തിരിച്ചു. കൊച്ചിൻ സി.എസ്.എസ് ഡയോസിസ് എന്നും മലബാർ സി.എസ്.ഐ ഡയോസിസ് എന്നും രണ്ടായി തിരിച്ചിട്ടുണ്ട്.

ഇപ്പോൾ വടക്ക് കേരള ഡയോസിസിന് മലബാർ സി,എസ്.എസ് ഡയോസിസ് എന്ന് പേര് മാറ്റിയിട്ടുണ്ട്. ഈ മലബാർ സി.എസ്.ഐ ഡയോസിസിന് പുതിയ ബിഷപ്പ് തെരഞ്ഞെടുപ്പ് നടന്നു കഴിഞ്ഞു. ബിഷപ്പ് പാനലിൽ നാലു പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ കൂടുതൽ വോട്ടു ലഭിച്ചത് റവ.ഡോ.ബി.ആർ.മനോജ് എന്നുള്ള അച്ചനാകുന്നു. ഇദ്ദേഹം മലബാർ സി.എസ്.ഐ ഡയോസിസിൽ ജനിച്ച വളർന്നവ്യക്തിയാണ്. സി.ഐസ്.ഐ രൂപീകരിക്കപ്പെട്ട കാലം തുടങ്ങി (1947)മലബാറിൽ മെജാറിറ്റിയായിട്ടുള്ള ബാസിൽ മിഷൻ ചർച്ചിലുള്ള ആരും ഇതുവരെ ബിഷപ്പായിട്ടില്ല. മദ്ധ്യകേരള ഡയോസിസിൽ (കോട്ടയം, തിരുവല്ല)ലുള്ള അച്ചന്മാരാണ് ഇതുവരെയും മലബാർ സി.എസ്.ഐ ഡയോസിസിൽ ബിഷപ്പായി പദവി വഹിച്ചിട്ടുള്ളത്. രണ്ടു പ്രാവശ്യവും ഈ ഡയോസിസിൽ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ സി.എസ്.ഐ സിനഡ് കമ്മിറ്റിയാണ് രണ്ടുപേരെയും ഈ ഡയോസിസാണ് ബിഷപ്പായി നിയമിച്ചത്. അവർ മദ്ധ്യകേരള ഡയോസിസിൽ ചേർന്ന അച്ചനായിരുന്നു. ഈ പ്രാവശ്യം എങ്ങനെയോ വടക്ക് കേരള ഡയോസിൽ അച്ചന്മാരും ഡി.സി മെമ്പർമാരും തങ്ങൾ മണ്ണിൽ ജനിച്ചു വളർന്നവരായ ബാസിൽ മിഷൻ സഭയിൽ ചേർന്ന് ഡോക്ടർ റവ. മനോജ് അവർകളെ കൂടുതൽ വോട്ട് വ്യത്യാസത്തിൽ ജയിപ്പിച്ചു. ഇത് ആശ്ചര്യമാണ്.

പക്ഷേ ഇതിൽ ജയിച്ചു വന്ന ഈ നാലുപേരിൽ ഒരാളെ സി.എസ്.ഐ സിനാഡ് കമ്മറ്റി ബിഷപ്പായി തെരഞ്ഞെടുക്കണം. മോഡറേറ്റർ ഇല്ലാത്ത ഇപ്പോഴത്തെ സ്ഥിതിയിൽ ഡെപ്യൂട്ടി മോഡറേറ്റർ റൈറ്റ് റവ.തോമസ് ഉമ്മൻ അവർകൾ മോഡറേറ്റർ സ്ഥാനത്തിരുന്ന് തന്റെ വീറ്റോ അധികാരത്തെ ഉപയോഗപ്പെടുത്തി കൂടുതൽ വോട്ടു ലഭിച്ച ആളെ പിൻതള്ളി കൂടുതൽ പണം ആര് കൊടുക്കുന്നോ അവർ കാണിക്കുന്ന അച്ചനെ ബിഷപ്പായി നിയമിക്കാൻ സാധ്യതയുണ്ട്. കാരണം സി.എസ്.ഐയിൽ ലക്ഷങ്ങൾ വാങ്ങി ബിഷപ്പിനെ കോഴവാങ്ങി നിയമിച്ചതിന്റെ ഉത്തമഉദാഹരണമായിരുന്നു മോസ്റ്റ് റവ.വില്യം മോസസ് അവർകളുടെ കാലം. അതിന്റെ ശേഷം മോഡറേറ്ററായി വന്ന സുഗന്ധർ എന്നുള്ള ബിഷപ്പും ഒരു അച്ചനെ ബിഷപ്പായി നിയമിക്കുവാൻ കോടികൾ വാങ്ങിയതായി പറയപ്പെടുന്നു. ഇങ്ങനെ ക്രിസ്തീയ മക്കൾക്ക് നാണക്കേടായി സഭയുടെ

മുഖ്യസ്ഥാനത്തിരിക്കുന്ന നേതാക്കൾ വാഴുന്ന ഈ കാലഘട്ടത്തിൽ മലബാർ സി.എസ്.ഐ ഡയോസിസിൽ ജനിച്ചു വളർന്ന ഒരാളെ, അതും കൂടുതൽ വോട്ടിന്റെ എണ്ണത്തിൽ ജയിച്ച വ്യക്തിയെ, കോടികൾ വാങ്ങി ബിഷപ്പായി നിയമിക്കുമോ എന്നുള്ള സംശയം മലബാർ സി.എസ്.ഐ മക്കളിൽ ഉണ്ടായതിൽ ന്യായമുണ്ടല്ലോ.

വളരെ കുറഞ്ഞ മെമ്പർ വോട്ട് വാങ്ങിയവരും ബിഷപ്പ് പാനലിൽ നാലാമതായി ജയിച്ചുവന്നവരായ റവ.ഉമ്മൻ ജോർജ്ജ് അച്ചൻ അവർകൾ (കോട്ടയം) മധ്യകേരള ഡയോസിസിൽ ക്ലെർജി സെക്രട്ടറിയായി ഇപ്പോൾ പദവിയലുള്ളവരാണ്. ഇദ്ദേഹം മൂന്നുപ്രാവശ്യം ബിഷപ്പ് ഇലക്ഷൻ നിന്ന് തോറ്റുപോയതാണ്. പക്ഷേ ഇദ്ദേഹം എന്റെ കൂടുതൽ അടുപ്പത്തിലുള്ള സ്നേഹിതനാകുന്നു. ഇദ്ദേഹത്തിന്റെ പിതാവ് വളരെ നല്ല ദൈവവേലക്കാരനായി പ്രവർത്തിച്ച് റിട്ടയർ ആയവരാണ്. ഈ അച്ചൻ നല്ല ആത്മീയ കുടുംബത്തിൽ വളർത്തപ്പെട്ടതാണ്. നല്ല പ്രാസംഗികനും നന്നായി പാട്ടുപാടാനുള്ള താലന്ത് ലഭിച്ചതും പ്രാർത്ഥിക്കുന്ന ഒരു അച്ചനുമാകുന്നു. ഒരേയൊരു കുറവ് പറയണമെങ്കിൽ ഇദ്ദേഹം സഹോ.ഡി.ജി.എസ്.ദിനകൻ അവർകളിൽ യേശു വിളിക്കുന്ന എന്ന സ്ഥാപനത്തിന്റെ തെറ്റായ ഉപദേശത്തെ പിൻഗമിക്കുന്നവരാണ്. അതോടെ യേശുവിളിക്കുന്ന സ്ഥാപനത്തിലും ചില ചുമതലയുള്ളതായി പറയപ്പെടുന്നു. ഈ അച്ചന് ഇപ്പോഴുള്ള ഡെപ്യൂട്ടി മോഡറേറ്ററും താൽകാലിക മോഡറേറ്ററായി ചുമതല വഹിക്കുന്നതായ റൈറ്റ്.റവ.തോമസ് ഉമ്മൻ അവർകൾ തന്റെ വീറ്റോ അധികാരത്തെ ഉപയോഗപ്പെടുത്തി തീർച്ചയായും ഇദ്ദേഹത്തെ ബിഷപ്പാക്കാൻ ശ്രമിക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് നാലാമത്തെ നിലയുള്ള ജയിച്ച ഇദ്ദേഹത്തിനെ ബിഷപ്പാക്കി മെജാറിറ്റി വോട്ട് ലഭിച്ചവരെ അവസാനനിലയിൽ ഒതുക്കി മദ്ധ്യകേരളാ ഡയോസിസിൽ അച്ചന്മാരിൽ ഒരാളെ മലബാർ ഡയോസിസിന് വീണ്ടും ബിഷപ്പായി ഭരിക്കാൻ തെരഞ്ഞെടുക്കപ്പെടുവാൻ സാധ്യതയുണ്ട്.

## പഴയ പത്രവാർത്തകൾ (Old News)

### സംഘർഷം: പെന്തകോസ്ത് ആരാധനാലയം അടച്ചുപൂട്ടി

തിരുവല്ല: ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് ഐ.പി.സി ആരാധനാലയവും പാഴ്സനേജും അടച്ചുപൂട്ടി. സംഭവത്തിന്റെ പേരിൽ സഭാംഗങ്ങളായ പത്ത് പേരെ പോലീസ് അറസ്റ്റ് ചെയ്തു. സഭാ കൗൺസിൽ അംഗത്തിനു വാഹമിടിച്ചു പരുക്കേറ്റു.

തിരുവല്ല ആമല്ലൂർ എബനേസർ ഐ.പി.സി ആരാധനാലയവും ഇതോടു ചേർന്നുള്ള പാഴ്സനേജുമാണ് രണ്ടു വിഭാഗങ്ങളുടെ അഭിപ്രായഭിന്നതകളുടെ പശ്ചാത്തലത്തിൽ ആർ.ഡി.ഒയുടെ നിർദ്ദേശപ്രകാരം പൂട്ടിയത്. ഇവിടെ പോലീസ് കാവലും ഏർപ്പെടുത്തി.

16 വർഷത്തിലേറെയായി ഈ സഭയിലെ പാസ്റ്ററായി പ്രവർത്തിച്ചുവന്ന കെ.പി.കുര്യനെ ആറുമാസം മുൻപ് കല്ലുങ്കലിലേക്കു സ്ഥലം മാറ്റിയിരുന്നു. പകരം പാസ്റ്റർ പി.വി.ഐസക്കിനെ നിയമിച്ചു. എന്നാൽ, പാഴ്സനേജ് ഉൾപ്പെടെ ഒഴിഞ്ഞുനൽകാൻ കെ.പി.കുര്യൻ തയ്യാറാകാത്തതാണ് പ്രശ്നത്തിനു കാരണമെന്ന് ആർ.ഡി.ഒ. എ. ഗോപകുമാർ പറഞ്ഞു. പ്രശ്നം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കവേയാണ് ഇന്നലെ വീണ്ടും സംഘർഷം ഉടലെടുത്തത്.





## വാഴ്ത്തുന്നു - സ്വീകരിക്കുന്നു

IEM Missionary സ്ഥാപനത്തിന് പുതിയ ജനറൽ സെക്രട്ടറിയായി റവ.ഡോ.രാജാസിംഗ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹം പ്രബല മിഷണറിയായ റവ.ഏലിയാസിന്റെ മകനാണ്. റവ.ഡോ.രാജാസിംഗ് അവർകളെ ജാമക്കാരൻ വായനക്കാരുടെ പേരിൽ നന്ദിയും സ്നേഹവന്ദനവും അറിയിക്കുന്നു. ഇദ്ദേഹത്തെക്കുറിച്ചുള്ള മറ്റു വിവരങ്ങൾ മാസികക്കുള്ളിൽ നിന്ന് വായിക്കാവുന്നതാണ്.

FMPB മിഷണറി സ്ഥാപനത്തിന് പുതിയ ജനറൽ സെക്രട്ടറിയായി റവ.സുന്ദർശൻ എം.എ, ബി.ഡി അവർകൾ തെരഞ്ഞെടുക്കപ്പെട്ടു. ജാമക്കാരൻ വായനക്കാരുടെ പേരിൽ വാഴ്ത്തുന്നു. സ്വീകരിക്കുന്നു. ഏഷ്യയിൽ കൂടുതൽ മിഷണറികളെ അയച്ച വലിയ സ്ഥാപനമായ FMPB ഉം, മിഷനറികൾക്കും വേണ്ടി പ്രാർത്ഥിക്കാം.

**FEBRUARY 2016**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.